# THE CHURCH WEEKLY

| Vol. VIII. | SUNDAY 17TH OCTOBER 1954 | PRICE 2 ANNAS A COPY | NO. 41 |
| --- | --- | --- | --- |

## WHAT ARE WE PUTTING INTO LIFE?

(By Dr. James Reid)

*Jesus said, Truly I say to you, this poor widow has put in more than all those who are contributing......For she out of her poverty has put in everything she had* —Mark 12:43,44.

The teaching of Jesus compels us to make some startling reassessments Mark describes, for instance, how one day He was sitting near the spot where worshippers in the temple put their offerings into the treasury. Some rich people put in what we would call generous gifts. Then came a poor widow worn with toil who put in a copper coin It was a mere trifle But Jesus saw in it a love which had flowered into sacrifice, and remarked to His disciples that her gift was greater than that of all the others; for she had given all she had. It is a striking commentary on the real value of our gifts as God sees them. This poor widow in her threadbare garments shines in a light that makes her forever beautiful, and brings us under judgment.

In Georgia there is a fine school that was founded by a woman 40 years ago for the youth of the region who were desperately poor and lacked any means of education. She began it in her own home and thereafter put into it all she had. As it grew gifts came in from far and near, and in the end $3,000,000 from Henry Ford When a year or two later Ford was being shown round the buildings which his gift had made possible, he said to the foundress, "How little I have given here. All the money in the world couldn't have built the Berry Schools."

It makes us ask ourselves what we are really putting into life. There is our work, of course, which is our greatest material contribution. We may be able to point with satisfaction to some solid achievements. Something has been attempted and something done But work is a medium for the expression of our personality. How much of ourselves have we put into it? It may often of necessity have been mechanical — laying bricks or screwing bolts. But even in the material we fashion and in our contacts with those we work with something valuable from the spirit may get through — cheerfulness, integrity, reliability, a mind that rejects what is shoddy and slipshod and that keeps in view the satisfaction and comfort of those who will use what we produce Something lives on, outlasts the material and sinks into the foundation of the world.

Or think of the lives of those we live or work among. What are we putting into these? The question is important, for each of us contributes something to the moral and spiritual atmosphere we all breathe as surely as we do to the physical. What we are has its effect on the workshop, the office, the home. "This is an unhappy ship," a steward said to me on a trip from the States It was true and we all felt it and knew that it came from a bad spirit among some of the personnel.

"Out of the heart," said the Wise Man, "are the issues of life. "What are we putting into the air which others breathe? Is it a critical spirit, a morose temper, a selfish outlook, a mood of discouragement, or is it the mood of courage, faith, hope—the influence that has a tonic quality like a wind from the heights? Every heart can hold the springs from which the life of the world is made new and, as Paul said, "the greatest of these is love"

But how are these springs to be set flowing in us? The Bible has some shattering things to say about the human heart. It is "deceitful above all things and desperately wicked" This language may seem extreme, but each of us knows the plague of his own heart. "When I would do good," wrote Paul, "evil is present with me. Who shall deliver me?" It is just here that the gospel message rings in our ears

When Jesus met the disciples after their disastrous breakdown at Calvary He spoke a word that sounds incredible to those who have come to despair of themselves and to wish like Topsy in *Uncle Tom's Cabin*, that they could be "born again and born different." It is just that which Christ offers. "Ye shall receive power" He told the disciples longing to be of use yet knowing that in themselves they had nothing to put into the world that could change it "Ye shall receive power, and ye shall be witnesses unto Me" here and beyond even to the uttermost parts of the earth. We can only put into life to make it new what God puts into us. But that is exactly what He promises to do

It happened at Pentecost and it can go on happening

*If thou couldst empty all thyself of self,*
*Like to a shell dishabited,*
*Then might He say—"This is not dead,"—*
*And fill thee with Himself instead,*

The gift of the Spirit means nothing

less than this—the entry of God to fill us with Himself. His very live—so that we become His agents, communicating His Spirit "Thank you," said the gipsies to George Borrow when he said goodbye to them, "thank you for coming to us and giving us God" By the gift of His Spirit our lives can become an extension of the Incarnation.

Our impotence today as Christians in the world around us is due to the fact that we have not grasped the wonder and the hope of this tremendous possibility. Christ can come to live in us so that He speaks with our lips, smiles in our happiness, touches and heals through our hands those whom life has wounded Is this too high and wonderful to hope for?

It can happen today. "If thou couldst empty all thyself of self," says T E Brown. This is beyond us. But it is not beyond the power of Christ if we will let Him The roots of self run deep and it may take many a conflict to dislodge them. But His Spirit knows no ultimate defeat. We read how people came to Him possessed with evil spirits and how He cast out the devils and healed them. From that redeeming encounter with Him these men went out no longer adding to the confusion and darkness of the World, but carrying into it, like a clean wind from the hills, the peace and joy and hope that make life new.

**PRAYER**

O God, who hast called us to the inestimable privilege of being fellow-workers with Thee, make us ready and willing to receive Thy Spirit. Open our eyes to the need of the world around us that we may see our own. Breathe into our hearts the breath of Thy life that through our contacts with others their lives also may be renewed in faith and hope and love.

## ചർച്ച് വീക്ക്‌ലി വരിസംഖ്യ

(എപ്പോഴും മുൻകൂർ)

| | രൂ. | ണ. | പ. |
|---|---|---|---|
| ഒരു വർഷത്തേക്ക് | 6 | 0 | 0 |
| ആറു മാസത്തേക്ക് | 3 | 0 | 0 |
| ഒററപ്രതി | 0 | 2 | 0 |
| ഇൻഡ്യയ്ക്കു വെളിയിൽ | 8 | 0 | 0 |

അസ്സീസ്സിയിലെ ഫ്റാൻസിസ് 16

# ചരിത്രം സൃഷ്ടിച്ച ന്യായത്തീർപ്പ്

എം. കുഞ്ഞൻ ബി. എസ്‌സി., കോതമംഗലം

പിറേറ ദിവസം രാവിലെ കർദ്ദിനാൾസഭ വീണ്ടും സമ്മേളിച്ചു. ഫ്റാൻസിസും സഹോദരങ്ങളും സമ്മേളനാദ്ധ്യക്ഷനായ മാർപ്പാപ്പായുടെ സന്നിധിയിൽ വന്നു വണങ്ങി നിന്നു. എന്തെങ്കിലും വിശേഷവിധിയായി പ്രസ്താവിക്കാനുണ്ടോ എന്ന് തിരുമേനി തെരക്കി. അതിനു മറുപടിയായി ഫ്റാൻസിസിനു കുറേയേറെ പറയാനുണ്ടായിരുന്നു. കഴിഞ്ഞരാത്രിയുടെ ഒട്ടേറെഭാഗം ധ്യാനലീനനായി, പ്രാർത്ഥനാനിരതനായി ദൈവസന്നിധിയിൽ ചെലവഴിച്ച ആ യുവാവ്, തലേരാത്രികിട്ടിയ ഒരു കഥ തിരുമനസ്സുണർത്തിച്ചു. തന്റെ പ്രാർത്ഥനയ്ക്കുലഭിച്ച മറുപടിയാണതെന്നായിരുന്നു ആ ചെറുപ്പക്കാരന്റെ വിശ്വാസം.

"വന്ദ്യതിരുമേനി, മണലാരണ്യത്തിൽ ഒരു പാവപ്പെട്ട സ്ത്രീ പാർക്കുന്നുണ്ടായിരുന്നു. ഒരിക്കൽ പ്രതാപനായ ഒരു രാജാവ് ആ വഴികടന്നുപോകാനിടയായി. അദ്ദേഹത്തിന്റെ ദൃഷ്ടികൾ അവളുടെ മേൽ പതിഞ്ഞു. അവളുടെ രൂപലാവണ്യം അദ്ദേഹത്തെ ആകർഷിച്ചു; അവളിൽ ആ രാജാവിന് പ്രണയമങ്കുരിച്ചു. അവളെപ്പോലെ രൂപസുഭഗരായ സന്താനങ്ങളുണ്ടായി കാണാൻ അദ്ദേഹത്തിനു അതിയായ ആഗ്രഹമുണ്ടായി."

കർദ്ദിനാളന്മാരുടെ കണ്ണുകൾ പ്രസംഗകനിൽ തറച്ചിരിക്കയാണ്. അഭിവന്ദ്യതിരുമേനിയുടെ മുമ്പിൽ ആരും ഈ വിധത്തിൽസംസാരിച്ചു കേട്ടിട്ടില്ല. അസാധാരണമായ ഈ സംഭവം അവരെ ആകാംക്ഷാഭരിതരാക്കി, മാത്രമല്ല, എല്ലാ മനുഷ്യരും ഒരർത്ഥത്തിൽ കുട്ടികളാണ്. കഥകൾ കേൾക്കുക അവർക്കിഷ്ടവുമാണ്. കർദ്ദിനാളന്മാർ പൂർവ്വാധികം ശ്രദ്ധാലുക്കളായി. ഫ്റാൻസിസ് തുടർന്നു.

"രാജാവ് തന്റെ പദവികളെല്ലാം വിസ്മരിച്ചെന്നോണം, താഴോട്ടിറങ്ങി, ആ പാവപ്പെട്ട സ്ത്രീയെ വിവാഹം ചെയ്തു. അവളിൽ അദ്ദേഹത്തിനു പുത്രന്മാർ ജനിച്ചു. എന്നാൽ മണലാരണ്യത്തിൽത്തന്നെയാണ് അവൾ പാർപ്പുറപ്പിച്ചത്. രാജകൊട്ടാരത്തിലേക്ക് അവൾ പോയതേയില്ല. കുട്ടികളും അമ്മയോടൊത്ത് മണലാരണ്യത്തിൽ തന്നെ വളർന്നു. അവർക്കു പ്രായമായപ്പോൾ അവൾ അവരെ രാജമന്ദിരത്തിലേക്കു യാത്രയയച്ചു: 'വാത്സല്യമക്കളെ, നിങ്ങൾ പേടിച്ചിട്ടു യാതൊരാവശ്യവുമില്ല. രാജാവ് നിങ്ങളുടെ പിതാവാണ്. അദ്ദേഹം നിങ്ങളെ തിരിച്ചറിയുകയും, നിങ്ങൾക്കുവേണ്ട സകല സജ്ജീകരണങ്ങളും ചെയ്തുകൊടുക്കുകയും ചെയ്യും. യാതൊരു ആശങ്കക്കും ആവശ്യമില്ല.

"ആ കുമാരന്മാർ രാജസന്നിധിയിലെത്തി. അവരുടെ സൗന്ദര്യം ആ രാജസത്തമനെ ആകർഷിച്ചു. 'നിങ്ങൾ ആരുടെ മക്കളാണു?" അദ്ദേഹം കല്പിച്ചുചോദിച്ചു. 'മണലാരണ്യത്തിൽ പാർക്കുന്ന സാധുസ്ത്രീയുടെ മക്കൾ,' അവർ മറുപടി പറഞ്ഞു. ഇതു കേട്ടമാത്രയിൽ, രാജാവിന്റെ ഹൃദയം ആനന്ദംകൊണ്ടു തുടിച്ചു. സ്നേഹവാത്സല്യങ്ങൾ അവിടെ ഓളംവെട്ടി.

അവർ സ്വപിതാവിന്റെ ഗാഢാലിംഗനത്തിൽ പെട്ട്, നിർവൃതി അനുഭവിച്ചു. ആ ഭൂപാലൻ പറയുകയാണ് 'എന്റെ പ്രിയപ്പെട്ട മക്കളേ, ഭയപ്പെടേണ്ട. എന്റെ മേശയിൽ നിന്ന് ഞാൻ അന്യരെ പോററി തൃപ്തിപ്പെടുത്തുമ്പോൾ എന്റെ ഔരസസന്താനങ്ങൾക്കുവേണ്ടി ഞാൻ കരുതാതിരിക്കുമോ?'

വന്ദ്യ തിരുമേനി, ആ മഹാനായ രാജാവ് ദൈവമാണ്. ആരുമുഖാന്തരം സ്വന്ത സാദൃശ്യത്തിൽ മക്കളുണ്ടാകാൻ ആ രാജാവു ആഗ്രഹിച്ചുവോ, ആ പാവപ്പെട്ട സ്ത്രീ ഞാനും.

മാർപ്പാപ്പാ അത്ഭുതസ്തബ്ധനായിരുന്നുപോയി. സ്വതസ്സിദ്ധമായ സങ്കോചത്തോടെ, അപ്രതിരോധ്യമായ ലാഘവമനസ്കതയോടെ, ഒഴുകി വന്ന ആ ലാവണ്യപദങ്ങൾ യാതൊരു പ്രത്യുത്തരത്തിനും പഴുതു നൽകിയില്ല. സുവിശേഷത്തിന് അന്യന്മാരായ അനേകമനേകം പേരെ ചേർത്തു തഴുകി സൽക്കരിച്ചുകൊണ്ടിരിക്കുന്ന സഭ സ്വന്ത മക്കളെ കാണുന്ന സമയത്തു അവരെ തിരിച്ചറിഞ്ഞു കൊള്ളുമെന്നാണ് ഫ്റാൻസിസ് സൂചിപ്പിച്ചത്. അബോധപൂർവ്വമായിട്ടെങ്കിലും ഒരു "മിസ്റ്റിക്കിൽ" അന്തർലീനമായിട്ടുള്ള അധികൃത സ്വഭാവത്തോടെ ഫ്റാൻസിസ്, തന്റെ വാക്കിൽ സത്യമുണ്ടെന്ന് ഒരു പരമാധി

കാരസഭയുടെ പരമാദ്ധ്യക്ഷനോട് ഊന്നിപ്പറയുകയായിരുന്നു.

ആ കഥ ഇന്നസെൻറിനെ രോഷാകുലനാക്കിയില്ല. നേരെമറിച്ച് അദ്ദേഹത്തിന്റെ താല്പര്യത്തെ ഉണർത്തിവിടുകയാണുണ്ടായത്. ഈ സമയമെല്ലാം അദ്ദേഹം ആ യുവാവിനെ സൂക്ഷ്മ നിരീക്ഷണം ചെയ്യുകയായിരുന്നു. കഴിഞ്ഞ രാത്രി കണ്ട ഒരു സ്വപ്നം വ്യക്തമായി അദ്ദേഹത്തിന്റെ മനസ്സിൽ പതിഞ്ഞിട്ടുണ്ട്. ആ കിനാവിലെ യുവാവു തന്നെയോ ഇവിടെ നിൽക്കുന്നത്? അതേ, സംശയമില്ല. സെൻറു ജോൺ ലാറററാൻ ദേവാലയം ഇളകി വീഴാൻ തുടങ്ങുന്ന ഒരു വിഭ്രമ രംഗമായിരുന്നു സ്വപ്നത്തിനാസ്പദം. ആ യുവാവ്, പതിക്കാൻ തുടങ്ങുന്ന ദേവാലയത്തിനു കൈത്താങ്ങു നൽകി, ഉറപ്പിച്ചു നിറുത്തുന്നതാണു സ്വപ്നത്തിൽ കണ്ടത്. അനിതര സാധാരണമായ ഒരു സ്വപ്നം. അതിനെന്തെങ്കിലും അർത്ഥമുണ്ടായിരിക്കുമോ? അതു് ദൈവനിയോഗമായിരിക്കുമോ? ബുദ്ധിമാനായ ആ സഭാമേലദ്ധ്യക്ഷൻ— യോഗ്യന്മാരെ തെരഞ്ഞെടുത്തു യഥാസ്ഥാനങ്ങളിൽ നിയമിക്കുന്നതിൽ പ്രത്യേക പാടവമുള്ള ആ ഭരണ തന്ത്രജ്ഞൻ— തന്റെ നിലപാട് പുരോഗമിപ്പിക്കാൻ പോരുന്ന ഏതു നയവും പരീക്ഷിച്ചു നോക്കാൻ ഒരുക്കമുള്ള ആ യഥാർത്ഥ മതവിശ്വാസി— ആ ചെറുപ്പക്കാരന് ഒരു അവസരം നൽകാൻ തീരുമാനിച്ചു അവനെന്തു സാധിക്കുമെന്ന് ഒന്നു പരീക്ഷിച്ചു കളയാം.

വാത്സല്യ മകനെ, നിന്റെ ജീവിത മാർഗ്ഗത്തിന് അംഗീകാരം നൽകാൻ നാം തീരുമാനിക്കുന്നു. പ്രസംഗിക്കുന്നതിനും നാം നിന്നെ അധികാരപ്പെടുത്തുന്നു. കർത്താവിനോടു കൂടെ പോവുക; കർത്താവു പ്രചോദനം നൽകുന്നതനുസരിച്ച്, എല്ലാവരോടും മാനസാന്തരത്തെപ്പററി പ്രസംഗിക്കുക. ഇപ്പോഴത്തേതിൽ കൂടുതലായി നിന്റെ കൂട്ടായ്മ സംഘത്തെ കർത്താവു വർദ്ധിപ്പിക്കുന്ന പക്ഷം, നമ്മുടെ അടുക്കലേക്കു തിരിച്ചുവരുക; നാം നിനക്ക് ഇതിനേക്കാൾ കൂടുതൽ ചെയ്തുതരും. കൂടുതലായ ഉറപ്പും വർദ്ധിതമായ അധികാരങ്ങളും അന്നു നിനക്കു നൽകുന്നതായിരിക്കും."

ഫ്രാൻസിസ് ആനന്ദമൂർഛിതനായി. മുട്ടിന്മേൽ വീണു തിരുമേനിയോടു കൃതജ്ഞത പറഞ്ഞു. ആ യുവാവു ആവശ്യപ്പെട്ടതുകിട്ടി. മാനസാന്തരം പ്രസംഗിക്കാൻ അനുവാദം നൽകിയതിന്റെ അർത്ഥം സഭാവിശ്വാസങ്ങളെപ്പററി പരാമർശിച്ചു കൂടെന്നാണ്. വിശ്വാസ സത്യങ്ങൾ സംബന്ധിച്ച പ്രശ്നങ്ങളിൽ ആ യുവാവിനു വലിയ താല്പര്യമൊട്ടില്ലതാനും.

ഒരുത്തമ സംഘാടകനും ശിക്ഷണ പ്രേമിയുമായ തിരുമേനി ഒരു കാര്യത്തിൽ നിർബന്ധസ്വഭാവം കാണിച്ചു. ഫ്രാൻസിസിന്റെ കൂടെ വന്ന സഹോദരങ്ങളെല്ലാവരും മുട്ടുകുത്തി, താൻ കേൾക്കെ, ഫ്രാൻസിസിന്റെ നേർക്ക് അനുസരണവും ആദരവും വാഗ്ദാനം ചെയ്യാൻ അദ്ദേഹം അനുശാസിച്ചു. അവർ സർവാത്മനാ അനുസരിക്കുകയും ചെയ്തു. തിരുമേനി കർദ്ദിനാൾ ജോണിന്റെ നേർക്കു തിരിഞ്ഞു സഭയുടെ സംരക്ഷണത്തിൻകീഴിലുള്ള സഭാ സേവകരായി അവരെ ലോകം അറിയേണ്ടതിനു്, അവരുടെ തലരോമം കത്രിച്ച് നെറുകയിൽ ഒരടയാളം നൽകുന്നതിനു നിർദ്ദേശിച്ചു.

സമ്മേളനം പര്യവസാനമായി. അടുക്കും, ക്രമവുമൊന്നും കൂടാതെയെങ്കിലും സന്തോഷത്തോടെ ആരംഭിച്ച ഫ്രാൻസിസ്സിൻ സാഹോദര്യം, ഇപ്പോഴിതാ, സഭയ്ക്കുള്ളിൽത്തന്നെ, സഭയുടെ അംഗീകാരം ലഭിച്ച ഒരു സമൂഹമായി രൂപാന്തരപ്പെട്ടിരിക്കുന്നു. ഫ്രാൻസിസ് പാപ്പായെ നേടി; ദീർഘദൃഷ്ടിയായ ആ രാജ്യതന്ത്രജ്ഞൻ ഫ്രാൻസിസിനെയും വശത്താക്കി. ഫ്രാൻസിസ്സിൻ സമൂഹത്തെ ക്രമവൽക്കരിച്ചതു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു നടപടിയായിരുന്നു. ഫ്രാൻസിസ്കൻ സന്യാസികൾ ഇതിൽ പരിതപിച്ചിട്ടില്ല; അഭിമാനിച്ചിട്ടേയുള്ളു. എന്നാൽ, ഈ ക്രിയയിൽ അവർക്കെന്തോ നഷ്ടീഭവിച്ചുവെന്നതിൽ സംശയമില്ല. ഫ്രാൻസിസിനുപോലും അതു മനസ്സിലാക്കാൻ കുറേ കഴിയേണ്ടിവന്നു. തലയ്ക്കു ചുററും കിട്ടിയ പട്ടചിഹ്നം കുറെയൊക്കെ പുതിയകാഴ്ച്ചകൾ കാണുന്നതിനുള്ള അവരുടെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന ഒരു നാടയായി പരിണമിച്ചുവെന്നു പറയേണ്ടിയിരിക്കുന്നു. തന്നോളം തന്നെ മുമ്പോട്ടുകാണുന്നതിനു കഴിവില്ലാത്ത ഒരു സഭയുടെ കെട്ടുപാടുകൾക്കുള്ളിൽ തന്റെ പുതിയ ദർശനത്തെ ഞെക്കി ഞെരുക്കി മരവിപ്പിക്കുന്ന ഒരു ദുരന്ത വൈഷമ്യം ഫ്രാൻസിസിനെ ഇവിടം മുതൽ പിടികൂടുകയായി. ആ വിഷമത സ്വീകരിച്ച് ആ നിയന്ത്രണത്തിനു വിധേയനായിത്തന്നെ ധൈര്യത്തോടെ മുമ്പോട്ടുപോകാൻ ഫ്രാൻസിസ് ഉറച്ചു. സമാധാനവും സ്നേഹപൂർവകമായ പ്രേരണയുമാണു, സമരമല്ല, തന്റെ മാർഗ്ഗം. പക്ഷേ, അതു് തന്റെ കുരിശായിരിക്കും. കർത്താവിന്റെ വിശ്വസ്തദാസനെന്ന നിലയിൽ അതു വഹിച്ചേ മതിയാവൂ.

## ജയഭാരതം ആര്യവൈദ്യശാല (Regd.)

H. O. പുനലൂർ.

ഏജൻസികൾ—അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കുന്നിക്കോട്, കല്ലിശ്ശേരി, എഴുകോൺ, സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്, ചെങ്ങമനാട്, ഉമ്മന്നൂർ.

ഏററവും നല്ല ആയുർവേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും വില്പനയ്ക്കുണ്ടായിരിക്കുന്നതാണ്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

പ്രധാനവൈദ്യൻ

**പി. ഒ. തോമ്മസ് വൈദ്യൻ, വൈദ്യകലാനിധി**

**പുനലൂർ**

# “മെനേ, മെനേ, നെക്കേൻ, ഊഫസിൻ

(ഒരു മാന്യ വൈദികൻ)

അടുത്തയിട സമാധാനാലോചനകൾ തുടങ്ങിയിട്ട് മാസങ്ങൾ അഞ്ച് കഴിഞ്ഞിരിക്കുന്നു. പീസ്‌ലീഗ് സമാധാനാലോചനകൾ ത്വരിതപ്പെടുത്തുവാൻ ഒരു നിരാഹാര സത്യഗ്രഹ പരിപാടിയും പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുകയാണ്. ആലോചനകൾക്ക് നേതൃത്വം വഹിച്ചവരിൽ ചിലർ പിന്മാറുകയും പുതിയ ആളുകൾ നിയുക്തരാകുകയും ചെയ്തിട്ടുണ്ട്. “ഇരു കക്ഷികളും തമ്മിൽ അഭിപ്രായ ഐക്യത്തിൽ മിക്കവാറും എത്തിച്ചേർന്നിട്ടുണ്ട്” “രണ്ടുവ്യവസ്ഥകൾ ഒഴിച്ചാൽ ബാക്കി കാര്യങ്ങളിലെല്ലാം യോജ്യതയുണ്ട്” “എന്നെല്ലാം പത്ര റിപ്പോർട്ടുകളും കാണാറുണ്ട്. എന്നാൽ യഥാർത്ഥ്യങ്ങൾ അറിയാവുന്നവർക്കറിയാം; ആലോചനകൾക്കു കാര്യമായ ഒരു പുരോഗമനവും ഉണ്ടായിട്ടില്ലെന്നും ആലോചനകൾ എവിടെ ആരംഭിച്ചുവോ അവിടെ തന്നെ നട്ടം കറങ്ങി ഇരു കക്ഷികളും നില്ക്കുകയാണെന്നും. തങ്ങൾ പിടിച്ചതു് കുറെ എങ്കിലും ജയിച്ചു എന്നു വരുത്തണമെന്നു് നിർബന്ധമുള്ളവർ അവരുടെ “അഭിമാന”ത്തിനു ഭംഗം വരാനിടയുള്ള യാതൊന്നിനും സമ്മതിക്കുകയില്ലെന്നും സമ്മതിപ്പിക്കുകയില്ലെന്നും വ്യക്തമാണ്. ഒരു കാര്യത്തിൽ ഏകദേശമെങ്കിലും യോജിക്കുമെന്നു കണ്ടാൽ ആ യോജിപ്പു പോലും ഉലയ്ക്കുന്നതിനു പര്യാപ്തമായ മറ്റേതെങ്കിലും ഒരു വാദമുഖമായി അവർ പ്രത്യക്ഷപ്പെടും. ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്ന സാധാരണ ജനങ്ങൾ സഭാകാര്യങ്ങളിൽ നിരാശാതപ്തരായിതീരുന്നു എങ്കിൽ അത്ഭുതപ്പെടുവാനില്ല. ഈ വക കാര്യങ്ങൾ ചിന്തിക്കുമ്പോൾ ഈ ലേഖനത്തിന്റെ ശീർഷകമായി ഉദ്ധരിച്ചിരിക്കുന്ന വാചകമാണ് മനസ്സിൽ കൂടെ ഉദിച്ചുയരുന്നതു്.

ഇരുന്നു ചിന്തിക്കുന്ന ഏതൊരു മനുഷ്യനും സുറിയാനി സഭയുടെ ചുവർ വെള്ളമേൽ ഒരു കൈപത്തി എന്തോ മന്ദമായി എഴുതുന്നതു് കാണുവാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നതു്. എന്നു തന്നെയല്ല; സൂക്ഷിച്ചു നോക്കുന്നവർക്കു ചുവരിന്മേൽ എഴുതപ്പെടുന്ന വാചകവും വായിക്കുവാൻ കഴിയുമെന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു.

സുറിയാനി സഭയുടെ വിശ്വാസത്തിനും അഭിമാനത്തിനും ഭംഗം വരാത്ത ഏതു സന്ധിക്കും തയ്യാറാണെന്ന് അർത്ഥംവരുന്ന ഒരു പ്രസംഗം സഭാപ്രമുഖരിൽ ഒരാൾ എവിടെയോ ചെയ്തതായി വർത്തമാന പത്രത്തിൽ വായിച്ചതു് ഈ അവസരത്തിൽ ഞാൻ സ്മരിക്കുന്നു. ആർക്കും എവിടെയും യാതൊരു പ്രയാസവും കൂടാതെ ഔദ്ധത്യത്തോടെ ഉപയോഗിക്കാവുന്ന രണ്ടു പദങ്ങളാണ് വിശ്വാസവും അഭിമാനവും. സുറിയാനി സഭയ്ക്ക് വിശ്വാസമുണ്ടോ? അഭിമാനമുണ്ടോ? സഭാനാഥൻ ഗ്രഹിച്ച അർത്ഥത്തിൽ, താൻ സ്വജീവിതത്തിൽ അനുവർത്തിച്ച രീതിയിൽ വിശ്വാസവും അഭിമാനവും സുറിയാനി സഭയ്ക്കോ സുറിയാനി സഭാംഗങ്ങൾക്കോ ഇല്ലെന്ന് വിശ്വസിക്കുവാനാണ് സാധാരണനായ ഞാൻ പ്രേരിതനാകുന്നതു്. ഉണ്ടായിരുന്നു എങ്കിൽ ഭിന്ന കക്ഷികൾ തമ്മിൽ യോജിച്ചോ, അതല്ലെങ്കിൽ സഹോദര സ്നേഹത്തോടെ സൗഹാർദ്ദബുദ്ധ്യാ രണ്ടായിട്ടു പിരിഞ്ഞോ സമാധാനം പുനഃസ്ഥാപിക്കുമായിരുന്നു. അതിനുള്ള സന്നദ്ധതയും സഹിഷ്ണുതയും വിശാലബുദ്ധിയും സഭാമക്കൾക്കില്ലെന്നുള്ളതാണ് സഭയുടെ ശോച്യതാകാരണം.

സത്യ വിശ്വാസം പുലർത്തുവാനുള്ള ഈവിധ തീവ്രശ്രമത്തിനിടയിൽ അജ്ഞരെങ്കിലും മനഃബോധമുള്ള യുവജനങ്ങൾ സുറിയാനിസഭയുടെ കാതലായ പ്രമാണങ്ങൾക്കു കടകവിരുദ്ധമായ നില പുലർത്തുന്ന പ്രോട്ടസ്റ്റന്റു വിഭാഗത്തിലെ ചില അവാന്തരവിഭാഗങ്ങളിൽ ചെന്നു് ലയിക്കുന്നതു് ആരറിയുന്നു. ഒരു ഉദാഹരണം മാത്രം പറയാം. വിദേശവിദ്യാഭ്യാസം കഴിഞ്ഞു മടങ്ങിവന്നിട്ടുള്ള ഒരു സഭാംഗം മേൽപ്രസ്താവിതമായ ഒരു അവാന്തരവിഭാഗത്തിന്റെ സന്ധ്യാസമയത്തെ ദിവ്യശുശ്രൂഷയിൽ സംബന്ധിക്കുകയും അവിടെ വി. കർബാനയുടെ സ്ഥാനത്തു് നൽകപ്പെട്ട അപ്പവീഞ്ഞുകൾ ഭക്ഷിച്ചു തൃപ്തിയടയുകയും ചെയ്തതു് ഒരു ദൃക്‌സാക്ഷി എന്നോടു വിവരിക്കുക ഉണ്ടായി. ആ സ്ഥലത്തു് സുറിയാനിസഭയിലെ ഒരു പട്ടക്കാരൻ താമസമുണ്ടെങ്കിലും ആ പട്ടക്കാരൻ നടത്തുന്ന വി. കർബാനയിലും മറ്റും കക്ഷിവ്യത്യാസംകൊണ്ടായിരിക്കാം മേൽ പ്രസ്താവിച്ച വ്യക്തി സംബന്ധിക്കാറുമില്ല. ഇതിന്റെയെല്ലാം ഫലമെന്തായിരിക്കും. വ്യവഹാരം ജയിച്ചു്, അല്ലെങ്കിൽ തോറ്റു് സംതൃപ്തരായി ശാന്തമായി വല്ലതും പ്രവർത്തിക്കുവാൻ നാലു പാടും നോക്കുമ്പോൾ ജീർണ്ണിച്ചു് ഇടിഞ്ഞുപൊളിഞ്ഞു് നാമാവിശേഷമായ ചില ദേവാലയഭിത്തികൾ മാത്രമായിരിക്കും ദൃഷ്ടിയിൽ പെടുന്നതു്. സമാധാനാലോചനകൾ വിജയിക്കുന്നതിനു് സ്വപക്ഷീയരിൽ സ്വാധീനം ചെലുത്തുവാനെന്ന ഭാവേന രണ്ടും രണ്ടര മണി കൂറും യാതൊരു സങ്കോചവും കൂടാതെ മറുപക്ഷത്തെ പ്രസംഗ പീഠത്തിൽ നിന്നുകൊണ്ടു് ഭത്സിക്കുന്ന ഒരു നേതാവിനെപ്പറ്റി അടുത്തയിട കേൾക്കുവാനിടയായി. പക്ഷെ, എന്റെ അറിവു പിശകായിരിക്കാം. സമാധാന സംസ്ഥാപനമെന്ന മോഹന ലക്ഷ്യത്തെപ്രതി ചില തത്വങ്ങൾ സൗജന്യ ബുദ്ധിയോടെ വീക്ഷിക്കുകയും ചിന്തിക്കുകയും ചെയ്യണമെന്ന് ആരെങ്കിലും സൂചിപ്പിച്ചു പോയി എങ്കിൽ അവരെ അഞ്ചാം പത്തിക്കാരായും പ്രമാണിത്വ കാംക്ഷികളായും അഥവാ കാര്യമറിയുവാൻ പാടില്ലാത്ത ഭോഷന്മാരുമായി മുദ്രയടിയ്ക്കുവാൻ ചിലർക്ക് യാതൊരു സങ്കോചവും തോന്നാറില്ല. ഇവയൊക്കെയും സഭാംഗങ്ങളിൽ പലർക്കും സുപരിചിതമായ കാര്യങ്ങളാകയാൽ ലേഖന ദൈർഘ്യത്തെ ഭയന്നു് കൂടുതൽ വിവരിക്കുന്നതിനു് മുതിരുന്നില്ല. എങ്കിലും ഒരു ആശയം കൂടെ വിശദീകരിച്ചു കൊള്ളട്ടെ. സുപ്രസിദ്ധ പ്രാസംഗികനായ ഡോക്ടർ സ്റ്റാൻലിജോൺസ് തന്റെ ഗ്രന്ഥത്തിൽ പാപത്തിന്റെ സ്വഭാവത്തെപ്പറ്റി ഒരു വിശദീകരണം നൽകുന്നുണ്ടു്. അതു് ഏതാണ്ടിപ്രകാരം സംഗ്രഹിക്കാവുന്നതാണ്. “നാം ചെയ്യുന്നഓരോ നന്മപ്രവൃത്തിയും നമ്മെ ദൈവത്തോട് ഓരോ പടി അടുപ്പിക്കുമെങ്കിൽ നാം ചെയ്യുന്ന ഓരോ തിന്മ പ്രവൃത്തിയും നമ്മെ ദൈവത്തിൽ നിന്നു് ഓരോ പടി അകറ്റുന്നതാണ്. അപ്പോൾ, നാം ചെയ്യുന്ന ഓരോ തിന്മപ്രവൃത്തിയും നിമിത്തം നമുക്കു ലഭിക്കാമായിരുന്ന പുരോഗമനം നഷ്ടപ്പെടുത്തുക മാത്രമല്ല നാം ആയിരുന്ന സ്ഥാനത്തു് നിന്നു അത്രയും കൂടെ വിദൂര സ്ഥിതരായി ഭവിക്കുകയും ചെയ്യുന്നു. തൽഫലമായി നമുക്ക് ആ സമയം കൊണ്ടു് എത്താമായിരുന്ന സ്ഥാനത്തു് എത്തിച്ചേരുന്നതിനു് നഷ്ടപ്പെടുത്തിയ സമയത്തിന്റെ ഇരട്ടി സമയം ഇനിയും ആവശ്യമാണെന്നു് സിദ്ധിക്കുന്നു.” ഈ തത്വം സഭയുടെ ചരിത്രത്തിലും അർത്ഥവത്തത്രേ. അതനുസരിച്ചു് കഴിഞ്ഞ അൻപതു വർഷം കൊണ്ടു് നമുക്കു് എത്തിച്ചേരാമായിരു

# വിശ്വാസവും ആചാരക്രമവും

## ക്രിസ്തുവിലുള്ള നമ്മുടെ ഏകത്വവും സഭകളായുള്ള നമ്മുടെ വൈരുദ്ധ്യവും

V

കാലങ്ങളുടെ മദ്ധ്യേയുള്ള ഇന്നത്തെ നില ഗ്രഹിക്കുന്നതിൽ ഇന്നു നമുക്കു അഭിപ്രായ ഐക്യത ഇല്ല. ഈ ഘട്ടത്തിൽ നാം ഒരേ സമയത്തു് ക്രിസ്തുവിലും തന്റെ സഭയിലുമുള്ള ഏകത്വത്തിന്റെയും നമ്മുടെ സഭകളിലുള്ള അനൈക്യംമൂലം തന്റെ ഏകത്വത്തെ നിഷേധിക്കുന്നതിന്റെയും പങ്കാളികളാണു്. ഇന്നു നാം എല്ലാം എത്തിച്ചേർന്നിരിക്കുന്ന ഈ 'സംഘർഷത്തെ' വേണ്ടതുപോലെ വേദശാസ്ത്രപ്രകാരം പൊതുവായി ഗ്രഹിക്കുവാൻ എങ്ങനെ സാധിക്കും?

### II

### അനൈക്യതയാലുള്ള അസ്വസ്ഥതയും അതിന്റെ പരിണതഫലവും

1 അനുതാപത്തിന്റെ അനുഗ്രഹം ലോകചരിത്രത്തിൽ ഒരു നവീന സാഫാത്ഥ്യം അനുഭവമാക്കി. അന്യോന്യം അകന്നിരിക്കുകയെന്നതു് അനേക നൂററാണ്ടുകളായി കേവലം സാധാരണ സംഭവമായിമാത്രം ഗണിക്കപ്പെട്ടുപോന്നിരുന്നു. ദൈവമുമ്പാകെ പ്രസാദകരമായ ഒന്നാണു് അതു് എന്ന ചിന്തയും ചില സന്ദർഭങ്ങളിൽ പ്രദർശിപ്പിക്കപ്പെടാതിരുന്നിട്ടില്ല. നവീകരണകാലത്തു് ഉത്ഭൂതമായ സ്വാതന്ത്ര്യബോധം—വ്യക്തികളായും ചെറിയ കൂട്ടങ്ങളായും സഭാമദ്ധ്യേ സ്വവിശേഷം സാക്ഷിക്കുവാനവകാശമുണ്ടു് എന്ന ബോധം—ദൃശ്യമായ രീതിയിൽ ഉടലെടുത്തതു്

---

ന്ന സ്ഥാനത്തു് നാം എത്തിച്ചേരുന്നതിനു് ഇനിയും നൂറുവർഷത്തെ നിരന്തരമായ അദ്ധ്വാനം ആവശ്യമായി വരുന്നു. ഇതേക്കുറിച്ചൊക്കെ ചിന്തിക്കുവാനോ ചിന്തിച്ചാൽ തന്നെ അതനുസരിച്ചു് പ്രവർത്തിക്കുവാനോ തക്ക സന്നദ്ധത എത്ര പേർക്കുണ്ടു്. ഫലമോ ദൈവത്തിന്റെ ന്യായവിധി—അല്ല നാം വരുത്തിവയ്ക്കുന്ന ന്യായവിധി—നമ്മുടെമേൽ പതിച്ചു കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണു്." "മെനേ, മെനേ, തെക്കേൻ, ഊഫസിൻ" വായിക്കുന്നവൻ ചിന്തിക്കട്ടെ."

അന്യോന്യം ഭിന്നിപ്പിക്കുന്ന ലക്ഷണത്തോടുകൂടിയായിരുന്നു. എത്രത്തോളം അകൽച്ച നിലനിൽക്കുന്നുവോ അത്രത്തോളം ആത്മീയ കാര്യങ്ങൾ ഗൗരവതരമായി കരുതുന്നു എന്നതിന്റെ തെളിവാണു് എന്നായിരുന്നു ഒരു നല്ല പങ്കു ചിന്തിച്ചുപോന്നതു്. വിഭജനം എന്നതു പലപ്പോഴും വളരെ അധികം ത്യാഗത്തോടുകൂടിയാണു് വെളിപ്പെട്ടിട്ടുള്ളതു്. ചില സന്ദർഭങ്ങളിൽ രക്തസാക്ഷിമരണംവരെയും ആ ത്യാഗമനസ്ഥിതി എത്തിച്ചേർന്നിട്ടുണ്ടു്. ദൈവമുമ്പാകെയുള്ള തങ്ങളുടെ വിശ്വാസത്തിനുവേണ്ടി നമ്മുടെ പിതാക്കന്മാർ അനുഭവിച്ചിട്ടുള്ള ഈ ത്യാഗവും കഷ്ടതയും നിസ്സാരമെന്നു തള്ളുവാൻ നമുക്കു് അവകാശമില്ല.

എന്നാൽ ഏതൽക്കാലത്തു ദൈവം നമ്മെ ഒരു പുതിയ മനോഭാവത്തിലേക്കു് വഴിനടത്തിയിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ അത്ഭുതമാർന്ന പ്രവർത്തനത്താൽ ഐക്യതയ്ക്കുവേണ്ടിയുള്ള ക്ഷണം വിഭജനത്തിന്റെ മനസ്ഥിതിയെ ദൂരീകരിച്ചിരിക്കുന്നു. നമുക്കു സാക്ഷിക്കുവാനുള്ള സത്യം പൂർണ്ണമായി ഗ്രഹിക്കുന്നതിനുള്ള പ്രധാനമായ ഒരു വ്യവസ്ഥ ഐക്യതയാണു് എന്ന പരമാർത്ഥം വീണ്ടും ഗ്രഹിക്കപ്പെടുന്നു. അനൈക്യതസ്വവിശേഷത്തെതന്നെ ശിഥിലീകരിക്കുകയാണു ചെയ്യുന്നതു്.

വിഭജനത്തിനുള്ള അഹംഭാവം ഇന്നു് അനുതാപമായി മാറുന്നു എന്നു എത്രത്തോളം നമുക്കു് അവകാശപ്പെടാം. അനുതാപം നമ്മെ ന്യായവിധിക്കായി ഒരുക്കുന്നു. നമ്മുടെ കർത്താവിന്റെ വരവിനായി അതു വഴി തെളിയിക്കുന്നു. ആദിമ ക്രിസ്തീയസഭ - ധൈര്യത്തോടുകൂടി — കർത്താവായ യേശുവേ വേഗം വരണമേ—എന്നു പ്രാർത്ഥിച്ചു. തന്റെ രാജ്യം പൂർണ്ണമായി സ്ഥാപിക്കുന്നതിന്റെ നാന്ദി ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിക്കുകയാണെന്നു് ഗ്രഹിച്ചിരിക്കെയാണു് അവർ അപ്രകാരം പ്രാർത്ഥിച്ചതു്. അപ്പോസ്തോലിക കാലത്തെ സഭ, ന്യായവിധി, വിശ്വാസികളുടെ കൂട്ടത്തെ മറികടന്നുപോകുമെന്നു അശേഷംപോലും പ്രതീക്ഷിച്ചിരുന്നില്ല.

വിശ്വാസത്താൽ നമ്മുടെ പിതാക്കന്മാരോടു ചേർന്നു് ആ പ്രാർത്ഥന കഴിപ്പാൻ നാം എത്രത്തോളം മുതിരുന്നുണ്ടു്? കർത്താവിന്റെ രണ്ടാമത്തെ വരവു കാലങ്ങളുടെ അന്ത്യത്തിലുള്ള ഒരു സംഭവം മാത്രമായിട്ടല്ല, അന്തിമന്യായവിധിയുടെ അടയാളങ്ങളായി നാം ജീവിക്കുന്ന ഈ കാലത്തും തന്റെ വരവിന്റെ ലക്ഷ്യങ്ങൾ ഉണ്ടു് എന്നു ചിന്തിച്ചുകൊണ്ടു് തന്റെ വരവിനായി പ്രാർത്ഥിക്കാം. സ്വാഭാവികമായി ദൈവത്തിന്റെ ന്യായവിധിയെ നാം ഭയപ്പെടുന്നു. ഓരോ അളവിൽ നമ്മുടെ സഭകൾ തന്റെ ശിക്ഷാവിധി അർഹിക്കുന്നു എന്നു നാം അറിയുകയും ചെയ്യുന്നു. വെറും ഒരു ആശയഗതി മാത്രമായി ദൈവത്തിന്റെ ന്യായവിധിയെ ഗണിക്കുകതെററാണു്. തന്റെ കൃപയെ ഗ്രഹിക്കുന്നതിനുമുമ്പായി തന്റെ ശിക്ഷാവിധിയെ സമ്മതിച്ചുകൊടുക്കേണ്ട എത്ര വ്യക്തമായ കാര്യങ്ങളാണു് ഇന്നത്തെ നമ്മുടെ സഭയുടെ ജീവിതത്തിൽ കാണുന്നതു്? മറെറാരു പാരമ്പര്യത്തിൽ പരിശീലിപ്പിക്കപ്പെട്ടിട്ടുള്ള സഹക്രിസ്ത്യാനികൾ എത്രത്തോളം നമ്മേത്തന്നെ ഉള്ളതുപോലെ കാണ്മാൻ സഹായിക്കുന്നുണ്ടു !

ന്യായവിധികൂടാതെ ദൈവരാജ്യമാകട്ടെ അന്തിമമായ പ്രത്യാശയാകട്ടെ ഇല്ല. സ്വയകേന്ദ്രീകൃതമായ നമ്മുടെ വിഭജനം മാററി ഏകീകൃതമായ ഒരു സഭയെ വിഭാവന ചെയ്യണമെങ്കിൽ നമ്മുടെ അഹംഭാവം തകർത്തുകളയുവാൻ ദൈവം തന്റെ പരമശക്തി ഉപയോഗിക്കാതെ സാധിക്കുമോ? നമ്മുടെ അഹംഭാവത്തെ തകർക്കുക നമ്മാൽ തന്നെ അസാദ്ധ്യമാണു്. കഷണിക്കപ്പെട്ട നമ്മുടെ സഭാവിഭാഗങ്ങളിൽ നാം നമ്മുടെ അവകാശത്തിന്മേലുള്ള വിധികർത്താക്കളല്ല. കുററബോധമുള്ള ഒരു മനഃസാക്ഷിതന്നെ കൃപാലുവായ ദൈവത്തിന്റെ ദാനം ആണു്.

ഈ ദാനം ദൈവം നമുക്കു വാഗ്ദാനം ചെയ്യുന്നു. ഇതിനായി നാംതന്നെ മഹത്വപ്പെടുത്തുകയും സ്തുതിക്കുകയും ചെയ്യുന്നു. 'കർത്താവായ യേശുവേ വരണമേ!', എന്നു് ഒരുമിച്ചു പ്രാർത്ഥിക്കാൻ നമുക്കു് അഭ്യസിക്കാം.

## വാരപഞ്ചാംഗം

| | ഒക്ടോബർ | തുലാം |
|---|---|---|
| ഞായർ | 17 | 31 |
| തിങ്കൾ | 18 | 1 |
| ചൊവ്വാ | 19 | 2 |
| ബുധൻ | 20 | 3 |
| വ്യാഴം | 21 | 4 |
| വെള്ളി | 22 | 5 |
| ശനി | 23 | 6 |

### Thought for the Week

To express my own thought accurately I must say, not that the bread and wine symbolise, or are symbols of the Body and Blood of Christ, but that sacramentally (i.e. symbolically and instrumentally) they *are* His Body and Blood, that is to say, with in the sacramental action that is their value and therefore their reality.

Archbishop Temple.

THE CHURCH WEEKLY

## ഇവാൻസ്ററൻ സന്ദേശം

അഖിലലോകസഭാ കൗൺസിലിന്റെ ദ്വിതീയ അസംബ്ളി സമ്മേളനം അമേരിക്കയിൽ ഇവാൻസ്റ്റൺ എന്ന സ്ഥലത്തു കൂടിയശേഷം ലോകമെങ്ങുമുള്ള ക്രിസ്ത്യാനികളും അല്ലാത്തവരുമായ മനുഷ്യസഹോദരങ്ങൾക്കെല്ലാം ഒരു സന്ദേശം പുറപ്പെടുവിച്ചിരിക്കുന്നു. കഴിഞ്ഞലക്കം ചർച്ചുവീക്ക്ലിയുടെ ഇംഗ്ളീഷ് ലേഖനമായി അതു ചേർത്തിരുന്നതു് വായനക്കാരുടെ ശ്രദ്ധയിൽ പെട്ടിരിക്കും. "Rejoice in hope" (പ്രത്യാശയിൽ ആനന്ദിക്കുക) എന്നാണ് 13 ഖണ്ഡികകളുള്ള ആ സന്ദേശത്തിന്റെ അവസാനത്തെ വാചകം. ആനന്ദിക്കുവാൻ ആണ് സമരകോലാഹലങ്ങളും, ശീതസമരങ്ങളും, ആററംബോംബുകളും, വർഗ്ഗവർണ്ണവ്യത്യാസങ്ങളും ഉച്ചനീചത്വങ്ങളും പരസ്പരസംശയങ്ങളും, നിരീശ്വരത്വവും ഇങ്കിലാബും താണ്ഡവം ആടുന്ന ഒരു ലോകത്തെ അഭിമുഖീകരിച്ചുകൊണ്ടു് സഭാകൗൺസിൽ ആവശ്യപ്പെടുന്നതു്. പ്രത്യാശയുള്ളിടത്തു് ആനന്ദിക്കുവാൻ കഴിയും. എന്നാൽ പ്രത്യാശ ഈ സാഹചര്യങ്ങളിൽ എങ്ങിനെ ഉണ്ടാകാനാണ്. ആ പ്രത്യാശയുടെ അടിസ്ഥാനമാണ് 12ഖണ്ഡികകളിലായി സന്ദേശം വിശദീകരിക്കുന്നതു്. യേശുക്രിസ്തുവാണ് ആ പ്രത്യാശയുടെ സങ്കേതം. ലോകത്തിൽ നിന്നു് ഈ പ്രത്യാശാസങ്കേതത്തെ മറച്ചുവച്ച കുററത്തിനു ദൈവത്തോടു ക്ഷമായാചനം ചെയ്യുകയാണ് സന്ദേശം ആദ്യമായിചെയ്യുന്നതു്. പിന്നീടു ഇന്നത്തെ ലോകത്തിൽ യേശുക്രിസ്തുവാകുന്ന പ്രത്യാശയെ ചഞ്ചലിപ്പിക്കുന്ന ഭയകാരണങ്ങളെ വിശദീകരിക്കുന്നു. മനുഷ്യഹൃദയത്തിനെ ദൈവമല്ലാതെ മററൊന്നും സംതൃപ്തിപ്പെടുത്തുവാൻ കഴിയുന്നതല്ല. എന്നാൽ ഈ വസ്തുത വിസ്മരിച്ചിട്ട് മററുകാര്യങ്ങളിൽ സംതൃപ്തിനേടുവാൻ മനുഷ്യർ വെമ്പുകയാണ്. അവനു് സമാധാനം വേണം. പക്ഷെ, ഉഗ്രസമരത്തിലേക്കാണ് അവൻ നീങ്ങുന്നതു്. പ്രകൃതിയെ വിജയിച്ചെന്നാണ് അവന്റെ ഭാവം. എന്നാൽ അവൻ സമ്മതിച്ചാലും ഇല്ലെങ്കിലും ദൈവത്തിന്റെ ന്യായവിധിയും മരണനിഴലും അവനു മീതെ നിൽക്കുകയാണ്. സന്ദേശം പിന്നീടു വ്യക്തമാക്കുന്നതു് ദൈവത്തിന്റെ വിശ്വസ്തതയും, മനുഷ്യൻ കുരിശിൽ തറച്ചുകൊന്ന ദൈവപുത്രനെ പുനരുത്ഥാനം ചെയ്യിച്ചു മരണത്തെയും പാപശക്തിയെയും വിജയിപ്പിച്ചതുമാണ്. പുതിയ ഒരു സമുദായത്തെ സൃഷ്ടിച്ചു ഒരു മഹത്തായ കർത്തവ്യവും ദൈവം അതിനു നൽകി. ദൈവത്തിന്റെ ആദ്ധ്യാത്മിക ജീവനിലും, ജീവിതത്തിലും പങ്കുള്ള ആ സമുദായത്തെ ദൈവത്തെ മററുള്ളവർക്കു് അറിയിച്ചു കൊടുക്കാനുള്ള ചുമതലയും ഭരമേല്പിച്ചു. ഇനിയും അവിടുന്നു വീണ്ടും വരുമെന്നും സർവത്തിന്റെയും പൂർത്തീകരണത്തിനാണ് ആ സമാഗമനമെന്നും, പൂർണ്ണതയിൽ ദൈവത്തെ അറിയുവാൻ അന്നു സാധിക്കുമെന്നുമുള്ള പ്രത്യാശയിൽ എല്ലാ സൃഷ്ടികളോടും കൂടെ ആ സമുദായം കാത്തു നിൽക്കുകയാണ്. ഇതാണ് ഏതുതലമുറയിലെയും ആശാവഹമായ വസ്തുതയെന്നു് സന്ദേശം ശ്രദ്ധിക്കുന്നവരോടു് അസംബ്ളി അംഗങ്ങൾ അനുസ്മരിപ്പിക്കുന്നു. അതു അംഗീകരിക്കുന്നവർ പാപമോചനം ലഭിച്ച പാപികളെന്നുള്ള നിലയിൽ ജീവിക്കുവാനും ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ അവിടത്തെ സ്നേഹത്തിൽ വളരുവാനും വേണ്ടിയാണ് അങ്ങനെ ചെയ്യേണ്ടതു്. മനുഷ്യർ എന്തുതന്നെ പാതകങ്ങൾ ചെയ്തിരുന്നാലും നമ്മെ അദൃശ്യമായി ചുററിയിരിക്കുന്ന സ്നേഹത്തിന്റെയും, സമാധാനത്തിന്റെയും ആനന്ദത്തിന്റെയും വായുമണ്ഡലം നശിപ്പിക്കുന്നതിനു ആ പാതകത്തിനു് കഴിയാത്തതാണെന്നും ആ അദൃശ്യമണ്ഡലത്തിലെ പൗരന്മാരാണ് നാമെന്നും നാം കരുതണം. എന്തുവന്നാലും യേശുക്രിസ്തു ഭരിക്കുന്നുവെന്നും തുടർന്നു ഭരിക്കുമെന്നും നാം അറിയണം. ഈ ഉറപ്പോടുകൂടി ലോകത്തിലെ ഏതു ഗൗരവപ്രശ്നങ്ങളെയും തിന്മയായ ശക്തികളെയും അഭിമുഖീകരിക്കാൻ ധൈര്യമുണ്ടാകുമെന്ന് സന്ദേശം പറയുന്നു. ഭയത്തിൽനിന്നു് വിമോചിതരായാൽ സ്നേഹിക്കാനുള്ള സ്വാതന്ത്ര്യത്തിൽ നാം പ്രവേശിക്കുകയാണ് മനുഷ്യന്റെയും ചരിത്രത്തിന്റെയും ന്യായവിധിക്കപ്പുറമായി നിൽക്കുന്നതു് നമുക്കുവേണ്ടി മരിച്ച ലോകാധിപന്റെ ന്യായവിധിയാണ്. നമ്മളിൽ ചെറിയവർക്കു് എന്തു ചെയ്തുവെന്ന അടിസ്ഥാനത്തിൽ ആ ന്യായവിധി നിർവഹിക്കപ്പെടും. അതു കൊണ്ടു ക്രിസ്തീയമായ നമ്മുടെ പ്രത്യാശ നമ്മുടെ അയൽക്കാരന്റെ മേൽ ദൃഷ്ടിപതിപ്പിക്കുവാൻ ആവശ്യപ്പെടുന്നു. അവിടത്തെ തിരുവിഷ്ടം സ്വർഗ്ഗത്തിൽ നടക്കുന്നതുപോലെ ഭൂമിയിലും നടക്കണം എന്നു പ്രാർത്ഥിക്കുന്നതോടൊപ്പം ജീവിതത്തിന്റെ ഏതു വശങ്ങളിലും അതു് വ്യാപരിക്കുവാൻ പ്രവർത്തനനിരതരായിരിക്കയും വേണം. വിശ്വസിക്കുന്ന പ്രാർത്ഥനയും, പ്രതീക്ഷാനിർഭരമായ പ്രവർത്തനവുമാണ് അതിന്റെ ഫലം. ഈ മുഖവുരയോടുകൂടി സഭാകൗൺസിൽ അംഗത്വം സ്വീകരിച്ചിരിക്കുന്ന സഭകളിലെ ഇടവക ജനങ്ങളോടു് ഒരഭ്യർത്ഥന പുറപ്പെടുവിക്കുകയാണ് സന്ദേശം ചെയ്യുന്നതു്. കൗൺസിൽ രൂപവൽകരിക്കുവാനുള്ള സഹകരണം ലഭിച്ചതിൽ ദൈവത്തിനു് മഹത്വം കൊടുക്കുന്നതോടൊപ്പം കേവലം ഒരുമിച്ചു കൂടി സമ്മേളിക്കുവാൻ മാത്രമല്ല ഈ പ്രസ്ഥാനമെന്നു സന്ദേശം അനുസ്മരിപ്പിക്കുന്നു. ഓരോ സഭയും മററു ക്രൈസ്തവ സഭകളോടുള്ള ബന്ധത്തെപ്പററി യേശു ക്രിസ്തുവിന്റെ അനുഗ്രഹത്തിന്റെയും പ്രാർത്ഥനയുടെയും പശ്ചാത്തലത്തിലാണോ ചിന്തിക്കുന്നതെന്നും, ആ മനോഭാവത്തിലാണോ അവരോടു പെരുമാറുന്നതെന്നും സന്ദേശം ചോദിക്കുന്നു. ക്രിസ്ത്യൻ സഭകളെ ഭിന്നിപ്പിച്ചു നിറുത്തുന്ന ശക്തികൾ ബലവത്താണെന്നു് അസംബ്ളിക്കു ബോധ്യമുണ്ടു്. ചൈനായിലെ ആഭ്യന്തര രാഷ്ട്രീയ നിലകൊണ്ടു് കഴിഞ്ഞ പ്രാവശ്യം പ്രതിനിധികളെ അയച്ച ചൈനീസ്, സഭയ്ക്കു് ഇവാൻസ്റ്റൺ സമ്മേളനത്തിൽ സംബന്ധിക്കുവാൻ സാധിച്ചില്ല. മാനുഷികമായ ഭിത്തികളെ മാററുവാനും ഭിന്നതകൾ മാറി കിട്ടുവാനും, ആവശ്യമായ ശക്തി പ്രാർത്ഥനമൂലം

ലഭിക്കുമെന്നുള്ള ഉറപ്പ് കർത്താവ് ഉയർത്തെഴുന്നേറ്റു എന്നു വിശ്വസിക്കുന്നവർക്കുണ്ടാകണം. ശത്രുക്കൾക്കുവേണ്ടി പ്രതിദിനം കർത്താവിന്റെ ക്രൂശിന്റെ ചുവട്ടിൽ പ്രാർത്ഥന അർപ്പിക്കുവാൻ ക്രിസ്ത്യാനികൾ ബാദ്ധ്യസ്ഥരാണെന്ന് സന്ദേശ കർത്താക്കൾ കരുതുന്നു. അവരവർക്കു തന്നെ സമാധാനം ലഭിക്കാൻ മാത്രമല്ല ക്രിസ്ത്യാനികൾ ആഗ്രഹിക്കേണ്ടതെന്നും മറ്റുള്ളവർക്കും നീതിലഭിക്കുവാൻ ആകാംക്ഷയുള്ളവരായിരിക്കേണ്ടതാണെന്നും അങ്ങനെ സാമൂഹ്യവും സാമ്പത്തികവുമായ അവശതകൾ അനുഭവിക്കുന്നമനുഷ്യ സമൂഹങ്ങൾക്കുവേണ്ടി ഓരോ സഭയും എന്തു ചെയ്യുന്നുയെന്നും സന്ദേശം ചോദിക്കുന്നു. മതം, സമുദായം, വർണ്ണം മുതലായ ഭിന്നതകൾമൂലം വിവേചനപരമായ അനീതികൾ അനുഭവിക്കുന്ന ലക്ഷങ്ങളെപ്പറ്റി പ്രാർത്ഥിക്കുന്നുണ്ടോ, അവരുടെ നില ദൈവഹിതമല്ലെന്ന് ലോക സഭാ അസംബ്ലി പ്രഖ്യാപനം ചെയ്തതുപോലെ ചെയ്യുവാൻ ഓരോ സഭയും സന്നദ്ധമാണോ എന്നും, ക്രിസ്തുനാഥൻ സകലത്തിനും കർത്താവാണെന്നുള്ള ബോദ്ധ്യത്തോടുകൂടി അനേക ലക്ഷങ്ങൾ അദ്ദേഹത്തെ അറിയാതെ ഇന്നും കഴിയുന്നതിനെക്കുറിച്ചു ഉൽക്കണ്ഠയുണ്ടോയെന്നും? സന്ദേശത്തിന്റെ ചോദ്യങ്ങളിൽ ഉൾപ്പെടുന്നു. പരസ്പരം സ്നേഹിക്കുവാനും ക്ഷമിക്കുവാനും ആഹ്വാനം ചെയ്തുകൊണ്ട് തനിച്ചുനില്ക്കുവാനല്ല, ഒരു കുഡുംബമെന്നനിലയിൽ ഏകീകരിക്കുവാനാണ് ദൈവഹിതമെന്നു ചൂണ്ടിക്കാണിക്കുകയും, സകലത്തിനും മതിയായവനായ ക്രിസ്തുവിന്റെ പര്യാപ്തിയിലാണ് അജ്ഞാത ഭാവിയെപ്പറ്റി നാം സമാധാനമായിരിക്കുന്നതെന്ന് അനുസ്മരിപ്പിക്കുകയും ചെയ്തുകൊണ്ടു "ആ പ്രത്യാശയിൽ ആനന്ദിപ്പിൻ" എന്നു സന്ദേശം ഉപസംഹരിക്കുന്നതു്. സുറിയാനി സഭയോടും ചോദിക്കുന്ന ഈ ചോദ്യം സാന്ദർഭികമായി വളരെ പ്രാധാന്യം നൽകുന്നു. ഇവാൻസ്റ്റൺ അസംബ്ലി നൽകിയിരിക്കുന്ന ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ സഭയിലെ ആഭ്യന്തരവഴക്കുകളെ നാം വീക്ഷിക്കേണ്ടതാണ്. അതവസാനിപ്പിക്കുന്നതു് നമ്മുടെതന്നെ ആവശ്യമല്ല. ക്രിസ്തീയ ലോകത്തിന്റെ മുഴുവന്റെയും ദൈവത്തിന്റെയും ആവശ്യമാണ്. ആ ഉത്തരവാദിത്വത്തിലേക്കു ഈ സന്ദേശം പ്രചോദനം നല്കട്ടെ എന്നാശംസിക്കുന്നു.

പ്രതിവാരപ്രഭാഷണം (The Sermon for the Week)

# ക്രിസ്താനുകരണം

(എം. റ്റി.)

“പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്ന് ഇതുവരെ പ്രത്യക്ഷമായിട്ടില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ട് അവനോട് സദൃശന്മാർ ആകും എന്നു നാം അറിയുന്നു.”

(യോഹന്നാൻ 3: 2)

ക്രിസ്തീയ ജീവിതത്തിന്റെ അന്ത്യം ക്രിസ്തുവിനെപ്പോലെ ആയിത്തീരുക എന്നുള്ളതാണ്. നിത്യജീവന് അവകാശികളായ നാം പരാജയങ്ങളിൽക്കൂടെയെങ്കിലും ഒരു കാലത്ത് ആ അന്ത്യത്തിൽ എത്തിച്ചേരാനുള്ളവരാണ്. അപ്പോസ്തലന്മാരും അവരോടൊപ്പം ജീവിച്ചിരുന്ന ആദിമ ക്രിസ്തുഭക്തന്മാരും ഈ ലക്ഷ്യം മുൻനിറുത്തി ജീവിച്ചിരുന്നവരാണെന്നുള്ളതിനു സംശയമില്ല. വി. സ്തേപ്പാനോസിന്റെ ജീവിതം അതിനൊരുത്തമദൃഷ്ടാന്തമാണ്. അദ്ദേഹം പരിശുദ്ധാത്മനിറവുള്ളവനും കൃപയും ശക്തിയും നിറഞ്ഞവനും ആയിരുന്നു. അദ്ദേഹത്തിന്റെ മരണസമയത്തെ വചനങ്ങൾ നമ്മുടെ കർത്താവും ക്രൂശിൽ കിടന്നുകൊണ്ടു പറഞ്ഞ വചനങ്ങളെ അനുസ്മരിക്കുന്നവയാണ്. തന്നെ കല്ലെറിഞ്ഞവരേക്കുറിച്ച് “കർത്താവേ അവർക്ക് ഈ പാപം നിറുത്തരുതേ” എന്നു സ്തേപ്പാനോസ് പ്രാർത്ഥിച്ചു. “പിതാവേ, ഇവർ ചെയ്യുന്നതു് എന്തെന്ന് ഇവർ അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കേണമേ” എന്നുള്ള നമ്മുടെ കർത്താവിന്റെ പ്രാർത്ഥനയിൽ പ്രത്യക്ഷമായ ദിവ്യസ്നേഹത്തിന്റെയും ക്ഷമയുടെയും പ്രതിച്ഛായയല്ലേ നാം ഇവിടെ കാണുന്നതു്? നമ്മുടെ കർത്താവു പിതാവിന്റെ കൈകളിൽ തന്റെ ജീവനെ ഭരമേല്പിച്ചതുപോലെ സ്തേപ്പാനോസും തന്റെ കർത്താവിന്റെ കൈകളിൽ സ്വജീവനെ ഭരമേല്പിച്ചു സമാധാനമായി ഇഹലോകം വെടിഞ്ഞു. സ്തേപ്പാനോസിനെപ്പോലെയുള്ള വിശുദ്ധന്മാരെ നോക്കുമ്പോൾ നമ്മുടെ കർത്താവിന്റെ സ്വഭാവം ഒരു കണ്ണാടിയിലെന്നപോലെ അവരിൽ പ്രതിബിംബിച്ചു കാണപ്പെടുന്നു.

നമ്മുടെ ജീവിതത്തിന്റെ പരമലക്ഷ്യം നാം ക്രിസ്തുവിനെപ്പോലെ ആയിത്തീരുകയാണെന്നു പറഞ്ഞാൽ ക്രിസ്തീയ ജീവിതം ക്രിസ്തുവിനെയുള്ള അനുകരണമാണെന്നു വിചാരിക്കാനിടയുണ്ട്. ഒരു വിധത്തിൽ അതു ശരിയാണ്. എന്നാൽ ക്രിസ്തുവിനെ ഒരു മാതൃകയായി മുമ്പിൽ വച്ചുകൊണ്ട് നമ്മുടെ ജീവിതത്തെയും സ്വഭാവത്തെയും ആ മാതൃകയോട് അനുരൂപപ്പെടുത്തുവാനുള്ള ഒരു ശ്രമം മാത്രമാണ് ക്രിസ്തീയ ജീവിതമെന്നു വിചാരിക്കുന്ന പക്ഷം അതു ശരിയായിരിക്കയില്ല. ക്രിസ്തു ബാഹ്യമായ ഒരു മാതൃകയല്ല. ആ നിലയിലാണെങ്കിൽ ക്രിസ്തു മറ്റുമാതൃകാപുരുഷന്മാരിൽ ഒരാൾ മാത്രമായിരിക്കും. എന്നാൽ യഥാർത്ഥത്തിൽ ക്രിസ്തു നമ്മുടെ ജീവനാണ്. താൻ തന്റെ ദിവ്യസാന്നിദ്ധ്യംകൊണ്ടു നമ്മെ അനുഗ്രഹിക്കുകയും അകത്തും പുറത്തും തന്റെ ശക്തിയും ചൈതന്യവും വ്യാപിപ്പിച്ച് തന്റെ ആത്മാവിനാൽ നമ്മെ നിറച്ച് മാതൃകാപരമായ തന്റെ ജീവിതത്തിൽ നമ്മെ പങ്കാളികളാക്കിത്തീർക്കുകയും ചെയ്യുന്നു. ക്രിസ്തീയജീവിതം ബാഹ്യമായ ക്രിസ്താനുകരണമല്ല, ക്രിസ്തു നമ്മിലും നാം ക്രിസ്തുവിലുമുള്ള ഒരു സഹിതജീവിതമാണ്.

ക്രിസ്തീയജീവിതത്തിന്റെ ഈ വശം അക്രൈസ്തവർ ഒട്ടുംതന്നെ കാണുന്നില്ല. ക്രിസ്ത്യാനികളിൽ പലരും തന്നെ അതിനെ വേണ്ടവണ്ണം ഗ്രഹിക്കുന്നില്ല. ക്രിസ്തീയജീവിതത്തെ വെറും ന്യായപ്രമാണപരിപാലനമായോ ആചാരാനുഷ്ഠാനമായോ പരിഗണിക്കുന്ന മനോഭാവം സാധാരണമാണ്. ആ മനോഭാവമുള്ളവർ യഥാർത്ഥത്തിൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവരല്ല. നിയമങ്ങൾ അനുസരിച്ചതുകൊണ്ടുമാത്രം ഒരാൾ ക്രിസ്ത്യാനിയായിത്തീരുകയില്ല. നിയമത്തിനുപ്പുറമായി ഒരു പ്രമാണമാണ് ക്രിസ്തീയജീവിതത്തെ ഭരിക്കുന്നതു്: സ്നേഹം നിയമത്തിന്റെ പൂർത്തീകരണമാണെന്നു വി. പൗലൂസ് പറഞ്ഞിരിക്കുന്നു. “നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ കല്പനകളെ പ്രമാണിക്കും.” എന്നു നമ്മുടെ കർത്താവു അരുളിച്ചെയ്തിരിക്കുന്നു. എന്നാൽ തന്റെ കല്പനകൾ എന്താണെ

# വി ശ്വ ദീ പം

## കർമ്മകാണ്ഡം

(പുത്തൻകാവു മാത്തൻതരകൻ)

### വിവാഹവും നിത്യജീവനും

കർത്താവെവിടെ നടന്നാലും പിന്നിൽചെ-
ന്നെത്തും പരീശന്മാർ ദുഷ്ടമതികളായ്.
കുററങ്ങളെന്തെല്ലാം ചാർത്തിടാം യേശുവി-
ലെന്നുമന്വേഷിക്കും നിഷ്ഠുരന്മാരവർ.
അമ്മട്ടൊരിക്കൽ പരീശന്മാർ കൂടിനാ—
രിമ്മാനുവേൽ തൻെറ മുമ്പിൽ സാഹങ്കാരം
"കാന്തനുതന്നുടെ കാന്തയുമായുള്ള
ബന്ധം കളയുവാൻ സാദ്ധ്യമൊ ന്യായത്തിൽ.
ദുഷ്ടന്മാരീയൊരു ചോദ്യം കൊണ്ടീശനെ
കഷ്ടപ്പെടുത്തുവാനേററവുമാശിച്ചു.
മോശതൻ ന്യായപ്രമാണങ്ങളൊക്കയും
ക്ലേശം സഹിച്ചു പഠിച്ചു കഴിഞ്ഞിട്ടു
ദാമ്പത്യജീവിത തത്വങ്ങളൊന്നു മാ—
ഢന്മാർക്കുള്ളിൽ ഗ്രഹിക്കാൻ കഴിഞ്ഞില്ല.
തർക്കംപലതും യഹൂദജനങ്ങളി—
ലക്കാര്യം സംബന്ധിച്ചുണ്ടായിരുന്നപ്പോൾ.
ഹേരോദേ സന്തിപ്പാസ് തന്നുടെ ഭാര്യയെ—
ക്രൂരമായ് തള്ളിക്കളഞ്ഞൊരുദുഷ്കർമ്മം
നന്നല്ലെന്നുച്ചത്തിലോതി നടക്കയാൽ
വന്ദ്യനാം യോഹന്നാൻ ശീർഷരഹിതനായ്.
കാര്യമാമ്മട്ടലിരിക്കവേ, വൈരിക—
ളാരാഞ്ഞ സംശയം തീർക്കുന്നതെങ്ങനെ.
എങ്കിലും കർത്താവു കല്പിച്ചാനുത്തരം
പങ്കംനിറഞ്ഞ പരീശന്മാരോടായി
"സ്ത്രീയും പുരുഷനുമായി സർവ്വേശ്വരൻ
സൃഷ്ടിച്ചു മർത്യരെ തൽക്കാരണത്തിനാൽ
മാതാപിതാക്കളെ കൈവിട്ടവനവൻ
കാന്തയോടൊന്നിച്ചു ചേരുംമടിയെന്യേ.
ഏകശരീരരായ് തീരുമവരെന്നു
മാകയാൽ വേർപരിയേണ്ടവരല്ലവർ.
സർവേശനൊന്നിച്ചു ചേർത്തതു രണ്ടാക്കാ—
നുർവിയിൽമർത്യന്നവകാശമില്ലേതും.
മോചനച്ചീട്ടേകിബ് ഭാര്യയെത്തള്ളവാൻ
മോശകല്പിച്ചെന്നു നിങ്ങളുരയ്ക്കുന്നു.
താവക ചിത്തകാഠിന്യം നിമിത്തമാ—
ണാവകയൊക്കയും മോശ കല്പിച്ചതു.
വേശ്യയാണെന്നു തെളിഞ്ഞെങ്കിൽ മാത്രമേ
വേട്ടൊരു നാരിയെത്തള്ളിക്കളയാവു
വേട്ടൊരു ഭാര്യയെത്തള്ളിക്കളഞ്ഞിട്ടു
മറെറാരു സ്ത്രീയേ വിവാഹം കഴിപ്പോനും
കാന്തനാൽത്യക്തയെ കൈക്കൊണ്ടിടുവോനും
നിസ്സർക്കം നീചവ്യഭിചാരം ചെയ്യുന്നു."
കർത്തൃവാക്യം കേട്ടു വൈരികളൊക്കയു-
മുത്തമാംഗം കുനിച്ചാബദ്ധമൗനരായ്.
നാഥനനന്തരം പോയാൻ യോർദ്ദാൻനദീ—
കൂലത്തിലുള്ള 'ബഥനി'യിലേക്കായി.
പോകും വഴിക്കുയുവാവൊരാൾ ക്രിസ്തുവിൻ
പാദാന്തികത്തിലണഞ്ഞു ചോദിക്കയായ്.
"നിത്യജീവൻ ലഭിച്ചീടുവാൻ നന്മൊരു
കൃത്യം ഞാൻ ചെയ്യണം? കല്പിക്ക സദ്ഗുരോ"
"പാലിക്ക കല്പന പത്തും മുടങ്ങാതെ"
പാവനരൂപൻ കഴിച്ചാൻ യുവാവോടായ്.
"ബാല്യകാലം മുതൽ ഞാനവയൊക്കയും
തെല്ലും മുടങ്ങാതെ പാലിച്ചു പോരുന്നു:
ആ യുവാവോതിയ വാക്കു കേട്ടമ്പോളും
തമ്പുരാൻ പിന്നെയുമിങ്ങനെ കല്പിച്ചു.
"ഉണ്ടുയുവാവേ നിനക്കൊരു പോരായ്മ
കണ്ടറിഞ്ഞീടാൻ നിനക്കുകരുത്തില്ല.
വിൽക്ക, നിനക്കുള്ള സർവസ്വത്തുക്കളും
വിററുകിട്ടുന്നതു സാധുക്കൾക്കേകുക.
പിന്നീട്ടു നീയെന്നെപ്പിൻതുടർന്നീടുക
ധന്യത സർവവും നിന്നെവെടിഞ്ഞിടും."
ചിത്തവിഷാദം കലർന്നു യുവാവുട-
നാസ്ഥലം മെല്ലെ വെടിഞ്ഞു ഗമിക്കയായ്
കർത്താവതു കണ്ടു തന്നത്താൻ കല്പിച്ചു,
വിത്തം കൊതിക്കും ജനങ്ങളെച്ചിന്തിച്ചു:
"ഒട്ടകം സൂചിക്കുഴവഴി പോവുകിൽ
വിത്താധിനാഥന്മാരെത്തിടും സ്വർഗ്ഗത്തിൽ"

---

നാരായുമ്പോൾ അതു സ്നേഹമല്ലാതെ മറെറാന്നുമല്ല എന്നു കാണാം. ദൈവത്തെ സ്നേഹിക്കയും അയൽക്കാരനെ സ്നേഹിക്കുകയുമാണു് ഏററവും പ്രധാനപ്പെട്ട കല്പനകൾ.

നമ്മുടെ കർത്താവു് ഓരോ വിശ്വാസിക്കും വാഗ്ദാനം ചെയ്തിട്ടുള്ള സമൃദ്ധിയായ ജീവൻ പരിശുദ്ധാത്മാവിൻെറ നിറവാണു്. "തന്നോടു ചോദിക്കുന്നവർക്കു് എത്ര അധികമായി സ്വർഗ്ഗസ്ഥപിതാവു പരിശുദ്ധാത്മാവിനെ കൊടുക്കും?" നിശ്ചമായയും ചോദിച്ചാൽ ലഭിക്കുന്നതും നമുക്കു സർവോപരി ആവശ്യവുമായ ദിവ്യ ദാനമാണു് പരിശുദ്ധാത്മാവു്. പരിശുദ്ധാത്മാവിൻെറ നിറവിനായി നാം ചെയ്യേണ്ടതു് അതിനായി അഗ്രഹിക്കയും മുട്ടിപ്പായി പ്രാർത്ഥിക്കയുമാണു്. പരിശുദ്ധാത്മാവാണു് നമ്മുടെ കർത്താവിൻെറ സാന്നിദ്ധ്യവും മഹത്വവും നമുക്കു വെളിപ്പെടുത്തിത്തരുന്നതു്. നാം എത്രമാത്രം നമ്മുടെ ഹൃദയങ്ങളെയും ജീവിതങ്ങളെയും തനിക്കായി തുറന്നു കൊടുക്കുന്നുവോ അത്രമാത്രം താൻ നമ്മിൽ അവസിക്കുകയും തൻെറ പ്രവർത്തനത്താൽ നാം ക്രിസ്തുവിനോടു് അനുരൂപരായി ഭവിക്കുകയും ചെയ്യും.

നമ്മുടെ കർത്താവിൻെറ ഉപദേശസംഹിതയിൽ കേന്ദ്രസ്ഥാനം അലങ്കരിക്കുന്നതു 'ദൈവരാജ്യം" എന്നുള്ളതാണു്. ചുരുക്കിപ്പറഞ്ഞാൽ ദൈവരാജ്യം എന്നതിൻെറ അർത്ഥം ദൈവത്തിൻെറ ഭരണം അംഗീകരിക്കുന്ന ഒരു വ്യവസ്ഥിതി എന്നാണു്. മനുഷ്യൻ അവൻെറ ജീവിതത്തിൻെറ എല്ലാ വശങ്ങളിലും ദൈവത്തിൻെറ ഹിതത്തിനു പരിപൂർണ്ണമായി സസന്തോഷം കീഴ്പ്പെടുമ്പോൾ അവൻ ദൈവരാജ്യത്തിൽ പ്രവേശിച്ചു കഴിഞ്ഞു. എന്നാൽ ദൈവരാജ്യം തന്നെ മനുഷ്യൻെറ ഒരു ആന്തരീയാവസ്ഥയാണെന്നു കർത്താവു ചൂണ്ടിക്കാണിച്ചിട്ടു

# വേദവായനക്കുറിപ്പുകൾ

## (ഗലാത്യലേഖനം)

തിങ്കൾ. ഗലാ. 2 1–10

താൻ പ്രസംഗിച്ചിട്ടുള്ള സുവിശേഷം പന്തിരുവരിൽ നിന്നല്ല ലഭിച്ചിട്ടുള്ളതു് എന്നു തെളിയിക്കുവാൻവേണ്ടി ഒന്നാമദ്ധ്യായത്തിലാരംഭിച്ച ആത്മകഥാകഥനം പൗലൂസ് ശ്ലീഹാ രണ്ടാമദ്ധ്യായത്തിലും തുടർന്നുകൊണ്ടുപോവുകയാണ്. ദമസ്കോസ് പാതയിലെ അത്ഭുതദർശനവും മൂന്നു വർഷത്തെ, അറേബിയാ ദമസ്കോസ് മുതലായ സ്ഥലങ്ങളിലുള്ള സ്വസ്ഥവാസവും കഴിഞ്ഞു ഊർശ്ലേമിൽപ്പോയി പതിനഞ്ചു ദിവസം പത്രോസ് ശ്ലീഹായുടെയും കർത്തൃസഹോദരനായ യാക്കോബ് ശ്ലീഹായുടെയും കൂടെ താമസിച്ചു. അങ്ങനെ ഔദ്യോഗികസഭയുമായി സഹത്വം സ്ഥാപിച്ചതിനുശേഷം സൂറിയായിലും കിലിക്യായിലുമായി സുവിശേഷസഞ്ചാരം ചെയ്തു് തദ്ദേശങ്ങളിലെല്ലാം സഭ സ്ഥാപിച്ച് പതിന്നാലുവർഷം കഴിഞ്ഞാണ് താൻ വീണ്ടും ഊർശ്ലേമിലെത്തുന്നതു്.

ഊർശ്ലേമിൽ വച്ച് സഭയുടെ രണ്ടു വിഭാഗങ്ങളുമായുള്ള ഒരു കൂടിയാലോചന നടക്കുന്നു. മോശയുടെ ന്യായപ്രമാണമാണ് നമ്മുടെ "ഹൂദായകാനോനാ"യിരിക്കേണ്ടതു്. അതിലെ ആചാരങ്ങൾ അനുഷ്ഠിക്കുക കൂടി ചെയ്താലേ ഒരുവൻ യഥാർത്ഥ ക്രിസ്ത്യാനിയായിത്തീരുകയുള്ളൂ എന്നായിരുന്നു വി. പത്രോസിന്റെയും മറ്റും ഭാഗത്തെ വാദം. യഹൂദരല്ലാത്തവരുടെ ഇടയിൽ സുവി

---

ണ്ട്. 'ദൈവരാജ്യം നിങ്ങളുടെ മ
ധ്യേ ഉണ്ട്'' എന്നും ഇതിനർത്ഥമുണ്ട്
ദൈവരാജ്യത്തിലേക്കുള്ള നമ്മുടെ പ്ര
വേശനത്തിനു് ആന്തരീയവും ബാഹ്യ
വുമായ വശങ്ങൾ ഉണ്ട് എന്നു നാം മ
റക്കരുതു. നമ്മുടെ ഉള്ളിലും നമുക്ക
വെളിയിലും ഉള്ളതെല്ലാം ക്രിസ്തുവി
ന്റെ ഹിതത്തിനു വിധേയമാകുമ്പോ
ൾ മാത്രമേ ദൈവരാജ്യം പരിപൂർണ്ണ
മായി വരികയുള്ളൂ. എന്നാൽ ആരുടെ
രാജത്വം അംഗീകരിക്കുകയാണോ ദൈ
വരാജ്യം, ആ രാജാവ് നമ്മുടെ കർ
ത്താവായ ക്രിസ്തുവാണ്. "നിന്റെ
രാജ്യം വരേണമേ" എന്നു നാം അനു
ദിനം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ രാ
ജാവായ ക്രിസ്തുവിന്റെ ഭരണത്തെ
നമ്മുടെ ഉള്ളിലും പുറത്തും ഉറപ്പിക്കു
വാൻ നാം സ്വയപ്രതിഷ്ഠ ചെയ്യുകയാ
ണ്.

ശേഷം പ്രഖ്യാപിക്കുന്നതു് തന്നെ അവശ്യമില്ലാ എന്നുപോലുമാണവരുടെയഭിപ്രായം. പരിശുദ്ധ ശ്ലീഹന്മാർ നേരിട്ട് ഇങ്ങനെ വാദിച്ചോ എന്നു് സംശയമാണ്. ഒരു പക്ഷേ യേശുതമ്പുരാനുമായി നേരിട്ടു പരിചയമില്ലാത്ത ചില "ഉപപ്രമാണികളാ"യിരുന്നിരിക്കാം. പൂർവ്വികാചരണങ്ങളോടുള്ള മമതയ്ക്കു് സ്വാതന്ത്ര്യത്തിന്റെ സുവിശേഷത്തിനേക്കാൾ സ്ഥാനം കല്പിച്ചതു്. നിയമംമൂലം മനുഷ്യനു് രക്ഷിതനാകാൻ സാദ്ധ്യമല്ല. ദൈവകൃപയാലും ദൈവപുത്രനിലുള്ള വിശ്വാസത്താലും മാത്രമേ സാദ്ധ്യമാകൂ എന്നാണല്ലോ സുവിശേഷസാരം. ഈ സുവിശേഷത്തിന്റെ പുറമേ ബാഹ്യാനുഷ്ഠാനങ്ങളുടെ കൂട്ടുകയറ്റിയിട്ടപ്പോൾ യഥാർത്ഥസുവിശേഷം നിർജ്ജീവമായിപ്പോകുന്നുവെന്നതു് നമ്മുടെസഭയിൽമാത്രമല്ല, പുരാതനസഭയിലും കൂടെക്കൂടെ സംഭവിച്ചിട്ടുള്ള ഒരു സംഗതിയാണ്.

ചൊവ്വാ. ഗലാ. 2. 1–10 (തുടർച്ച)

ക്രിസ്തീയസഭാ ചരിത്രത്തിലെ പ്രധാന പ്രയാസഘട്ടങ്ങളിലൊന്നായിരുന്നു പരിശുദ്ധ അപ്പോസ്തോലന്മാരെ അഭിമുഖീകരിച്ചതു്. ഒരു ശീശ്മയ്ക്കുള്ള സർവ്വസാഹചര്യങ്ങളും അവിടെയുണ്ടായിരുന്നു. അന്ത്യോഖ്യായിലാണ് ഈ വഴക്കിന്റെ ഉൽഭവം. പൗലൂസ് ശ്ലീഹായുടെ പ്രഥമ സുവിശേഷയാത്രയുടെ അവസാനഘട്ടത്തിൽ യരുശലേമിൽനിന്നും ചില സഭാപ്രമാണികൾ അന്ത്യോഖ്യായിൽ വന്നു. പൌലൂസ് ശ്ലീഹായും ബന്നബാസും വളരെ നാളുകളായി പുറജാതിക്കാരുടെ ഇടയിലുള്ള വേലയുടെ കേന്ദ്രമായി വെച്ചിരുന്ന സ്ഥലമാണല്ലോ അന്ത്യോഖ്യാ. അവിടെ വന്നു് ഈ യരുശലേം പ്രമാണികൾ പറയുകയാണ്, പുറജാതികൾ യഥാർത്ഥ ക്രിസ്ത്യാനികളാകണമെങ്കിൽ യഹൂദന്മാരുടെ ആചാരങ്ങൾ മോശയുടെ ന്യായപ്രമാണത്തിലുള്ളവയെല്ലാം തന്നെ അനുസരിച്ചെങ്കിലേ സാധ്യമാകൂ, എന്നു്. പരിശുദ്ധ പൌലൂസ് പറയുന്നതോ ക്രിസ്തുവിലുള്ള വിശ്വാസമാണ്, ന്യായപ്രമാണാനുഷ്ഠാനമല്ല, മനുഷ്യനു് നവജീവൻ നൽകുന്നതെന്നു്.

ഈ വാദമാണ് സഭയിൽ ഒരു ചരിത്രത്തിന്റെ പ്രാരംഭമുളവാക്കിയതു്. ഇതിനെപ്പറ്റിയാലോചിക്കുവാനുള്ള ഒരു സുന്നഹദോസാണ് യരുശലേമിൽവച്ചു കൂടിയതു്. സഭാചരിത്രത്തിലെ പ്രധാനതീരുമാനങ്ങളിലൊന്ന് നടത്തപ്പെട്ടതു്. അപ്പോസ്തലന്മാരുടേയും സഭാപ്രമുഖന്മാരുടേയും ഈ പ്രഥമ ഔദ്യോഗിക സുന്നഹദോസിൽ വെച്ചായിരുന്നു. സുന്നഹദേസിനു മുൻപുതന്നെ പരിശുദ്ധ അപ്പോസ്തലന്മാർ തമ്മിലുണ്ടായ ഒരു രഹസ്യയോഗത്തിൽവച്ച്, പൌലൂസ് ശ്ലീഹാ താൻ പുറജാതികളുടെയിടയിൽ പ്രസംഗിക്കുന്ന സുവിശേഷത്തെ അവരോടു പറഞ്ഞു മനസ്സിലാക്കി. അതുകൊണ്ടാണ് പരസ്യസുന്നഹദോസിൽ ഒത്തുതീർപ്പുണ്ടാകുവാൻ സാധിച്ചതു്.

നമ്മുടെ സഭയിലെ ചരിത്രകാലങ്ങളിലും സഭാപ്രമുഖന്മാർ തമ്മിൽ മുഖത്തോടു മുഖം പ്രാർത്ഥനാപൂർവ്വം സമ്മേളിച്ച്, യാതൊന്നും മറച്ചുവയ്ക്കാതെ കാര്യങ്ങൾ തുറന്നു് സംസാരിക്കുവാൻ മാത്രമുള്ള സന്മനസ്സും വിനയവും പ്രാർത്ഥനാശീലവും അവർക്കുണ്ടായിരുന്നെങ്കിൽ സഭയുടെ യോജിപ്പ് എത്രവേഗം സാധിക്കുമായിരുന്നേനേ!

ബുധൻ ഗലാ. 2. 1–10 (തുടർച്ച)

അന്ത്യോഖ്യയിലെ പുറജാതിക്കാരുടെയിടയിലുള്ള വേലയുടെ അത്ഭുതഫലങ്ങളിലൊന്നായ ഗ്രീക്കുകാരൻ തീത്തോസിനെയും കൂട്ടിക്കൊണ്ടാണു പൗലൂസും ബന്നബാസും യരുശലേമിലേക്കു പോയതു്. ഉടനെ ചില യരുശലേം പ്രമാണികൾ, ഇവൻ അഗ്രചർമ്മഛേദനമേൽക്കാത്തവനാണ്, ഇവനെ നാം സ്വീകരിക്കുവാൻ പാടില്ല എന്നു വാദിക്കുവാനാഗ്രഹിച്ചുവെങ്കിലും തീത്തോസിന്റെ പരിച്ഛേദനകർമ്മം അവിടെവച്ചുതന്നെ കഴിക്കണമെന്നു നിർബന്ധിക്കുവാൻ അവർക്കു ധൈര്യമുണ്ടായിരുന്നില്ല. തന്ത്രവും നയവുമുപയോഗിച്ചു സുന്നഹദോസിൽ കടന്നുകൂടിയിരുന്നവരാണ് ഈ വഴക്കൊക്കെയുണ്ടാക്കിത്തീർത്തതു്. (മനുഷ്യസ്വഭാവം 2000 കൊല്ലംകൊണ്ടു വളരെയൊന്നും വ്യത്യാസം വന്നിട്ടില്ലെന്നു തോന്നുന്നു, അല്ലേ?)

എന്നാൽ ഈ കാര്യത്തിൽ സത്യത്യജനം ചെയ്തിട്ടുള്ള ഒരു രഞ്ജനത്തിനു് വഴിയുണ്ടായിരുന്നില്ല. പുറജാതികളുടെ സ്വാതന്ത്ര്യത്തിനു് വേണ്ടി പൌലൂസ് ശ്ലീഹാ വാദിക്കുകയും, അഗ്രചർമ്മച്ഛേദിതരായ യഹൂദരുടെയിടയിലുള്ള സുവിശേഷത്തിന്റെ പ്രധാനചുമതല പരി: പത്രോസ് വഹിക്കുന്നതുപോലെ അഗ്രചർമ്മധാരികളായ പുറജാതികളുടെയിടയിലുള്ള സുവിശേഷണോത്തരവാദിത്വം പൌലൂസ് ശ്ലീഹാ ഏറ്റെടുക്കുകയും ചെയ്യുക എന്നു് സുന്നഹദോസ് തീരുമാനിച്ചു. അവർ അന്യോ

ന്യം സഹത്വത്തിന്റെ ദക്ഷിണഹസ്തദാനംചെയ്തു് സ്നേഹത്തോടുകൂടെ പിരിയുകയുംചെയ്തു.

പ്രയാസമുള്ള സഭാകലഹങ്ങൾ തീർക്കുവാൻ ഇപ്രകാരമുള്ള ദിവ്യവെളിച്ചം നമ്മുടെ സഭാപ്രമുഖന്മാർക്കും ദൈവം നൽകുവാൻ വേണ്ടി നമുക്കു് ദിവസവും പ്രാർത്ഥിക്കാം

വ്യാഴം. ഗലാ 2: 11—14.

യരുശലേം സുന്നഹദോസിൽ ഭക്ഷണസംബന്ധമായ യഹൂദരുടെപ്രത്യേക നിബന്ധനകളെപ്പററിയുള്ള വ്യവസ്ഥകളൊന്നും സ്വീകരിക്കപ്പെട്ടിരുന്നില്ല. യരുശലേമിലെ ദരിദ്രരായ യഹൂദരുടെ സഹായത്തിനായി കുറച്ചുപണം പുറജാതിക്കാർ കൊടുത്തയക്കണം എന്നു് മാത്രമേ ഒരു വ്യവസ്ഥയുണ്ടായിരുന്നുള്ളു. വി. പത്രോസ് ശ്ലീഹാക്കു് ഇതു കഴിഞ്ഞു് അധികംതാമസിയാതെ അന്ത്യോഖ്യായിൽവന്നു് പുറജാതിക്രിസ്ത്യാനികളുമായി ഒരുമിച്ചിരുന്നു ഭക്ഷണംകഴിക്കുന്നതിനു് ആദ്യം യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. എന്നാൽ വി. യാക്കോബ് ശ്ലീഹായുടെ അന്തേവാസികളിൽ ചിലർ യരുശലേമിൽ നിന്നും വന്നപ്പോൾ അവരെ ഭയന്നിട്ടെന്നോണം പത്രോസ് ശ്ലീഹാ പുറജാതി ക്രിസ്തീയരുടെ കൂടെയിരുന്നുഒരുമിച്ചു് ഭക്ഷിക്കുവാൻ വിഷമം പ്രദർശിപ്പിച്ചു. പൗലൂസ് ശ്ലീഹായുടെ കൂടെ നടന്നു് പലപ്പോഴും പുറജാതിക്കാരൊരുമിച്ചു് ഭക്ഷണം കഴിച്ചിട്ടുള്ള വി. ബർന്നബാസ് പോലും ഇപ്പോൾ മടികാണിക്കാൻതുടങ്ങി.

ഈയവസരത്തിലാണു് പത്രോസ് ശ്ലീഹാ ചെയ്യുന്നതു് ശരിയല്ലെന്നും പുറജാതി ക്രിസ്ത്യാനികൾ നമ്മുടെ യഥാർത്ഥ സഹോദരങ്ങളാകയാൽ യരുശലേം പ്രമാണികളെ ഭയന്നു് അവരുടെ കൂടെ ഭക്ഷണം കഴിക്കാതിരിക്കുന്നതു് കുററമാണെന്നുംപൗലൂസ് ശ്ലീഹാ പത്രോസിന്റെ മുഖത്തുനോക്കി പറഞ്ഞതു്. അധികാരികളെ ഭയന്നു എന്തെല്ലാം നല്ലകാര്യങ്ങളിൽ നിന്നാണു് സഭയിൽദൈവവിളിയുള്ളവർവേർതിരിഞ്ഞു നിൽക്കേണ്ടിവന്നിട്ടുള്ളതു്!

പൗലൂസ് ശ്ലീഹാ പന്തിരുവരിൽനിന്നുംപിരിഞ്ഞുനിൽക്കുന്നവനല്ലെന്നും, അവരോടു് സമനാണെന്നും ഉള്ളതിനു് ഒരുദാഹരണമായിട്ടുകൂടെയാണു് താൻ ഈസംഭവങ്ങളൊക്കെ വിവരിക്കുന്നതു്. ഗലാത്യസഭയെ കുഴക്കുന്ന ഈ വാദഗതികൾ പത്രോസ് ശ്ലീഹാ ഉന്നയിച്ചപ്പോൾപ്പോലും താൻ അതിനെ എതിർത്തിട്ടുണ്ടല്ലോ. എന്നുകൂടെ താൻ എടുത്തുകാട്ടുന്നു.

വെള്ളി. ഗലാ. 2. 15—21

താൻ സഭയിൽ നുഴഞ്ഞു കയറിവന്നു് വിശ്വാസവിപരീതം പഠിപ്പിക്കുന്നവനാണെന്നായിരുന്നു പൗലൂസ് ശ്ലീഹായെപ്പററി ഗലാത്യരോടു് ഊർശ്ലേം നിയോഗികൾ പറഞ്ഞതു്. എന്നാൽ താനല്ല, അവരാണു് സഭയുടെ വിശ്വാസത്തെ കുഴക്കി മറിക്കുന്നതെന്നു ശ്ലീഹാ ഇപ്പോൾ തിരിച്ചടിക്കുന്നു.

“യേശുക്രിസ്തുവിലുള്ളവിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യർ നീതീകരിക്കപ്പെടുന്നില്ല” എന്നുള്ളതാണു് തന്റെ നില. ഈ യഥാർത്ഥത്തിനുവേണ്ടിയാണു യഹൂദസഭയിലുള്ള സകല സ്ഥാനമാനങ്ങളേയും ത്യജിച്ചു് താൻ യേശുക്രിസ്തുവിന്റെ അനുഗാമിയും വേലക്കാരനുമായിത്തീർന്നതു്. ഇപ്പോൾ ഈ നിത്യസത്യമാണു് യരുശലേമിൽനിന്നും വന്നിട്ടുള്ളവരാൽ നിർമ്മാർജ്ജിതമായിത്തീരുന്നതു്.

മനുഷ്യ ചരിത്രത്തിലെ എത്രയും അത്ഭുതാവഹവും മർത്ത്യവംശത്തിന്റെ മുഴുവൻ സ്ഥിതിയെ സമൂലം പരിവർത്തനംചെയ്തു് നാശോദ്യുക്തരായിരുന്നമനുഷ്യമക്കളെ ജീവോന്മുഖരാക്കിത്തീർത്തിട്ടുള്ളതുമായ മഹാ സത്യമാണു് ദൈവപുത്രന്റെ മനുഷ്യാവതാരവും അവനുമൂലമുള്ള ദൈവത്തിന്റെ കൃപാദാനവും. ഈ സത്യത്താൽ ബന്ധിതരായിട്ടുള്ളവരാണു് യഥാർത്ഥക്രിസ്ത്യാനികൾ. അവർ മററു സർവവും ഈ ഒരു സത്യത്തിനു വേണ്ടി ത്യജിക്കുവാൻ സന്നദ്ധതയുള്ളവരുമാണു്. നമ്മാൽ ചെയ്വാനാകുന്ന സർവ സൽപ്രവൃത്തികളും കൂട്ടിച്ചേർത്താലും ദൈവകൃപക്കു നാമൊരുവിധത്തിലും അർഹരാകുന്നില്ല. ദൈവതിരുമുമ്പിൽ ഒരു മനുഷ്യനുപോലും സ്വയം നീതീകരിക്കുന്നതിനോ കണക്കു പറഞ്ഞു് നിത്യജീവൻ കൂലിയായി വാങ്ങിക്കുവാനോ സാദ്ധ്യമല്ല.

എന്നാൽ, ബാഹ്യാചാരങ്ങളെയനുഷ്ഠിച്ചു് ദൈവത്തിൽനിന്നും പ്രതിഫലമായി നിത്യജീവൻ വാങ്ങുവാനുള്ള ശ്രമമാണു് മതത്തെയെല്ലായ്പോഴും വഷളാക്കുന്നതു്. ദൈവവുമായി സമനിലയിൽ കണക്കു പറയുവാൻ തോന്നുന്നമനുഷ്യന്റെധാഷ്ട്യത്തെപ്പററിയെന്തു പറയട്ടെ.

ശനി. ഗലാ 2. 15—21 (തുടർച്ച)

പൗലൂസ് ശ്ലീഹായുടെ വ്യക്തിസ്വഭാവം ഇത്രക്കു് പ്രതിഫലിപ്പിക്കുന്ന മററു ലേഖനങ്ങളുണ്ടോയെന്നു സംശയമാണു് (കൊരിന്ത്യലേഖനങ്ങളുൾപ്പടെ) യഹൂദ ന്യായപ്രമാണംമൂലം നീതീകരിക്കപ്പെടുവാൻ ആർക്കെങ്കിലും സാധ്യതയുണ്ടായിരുന്നെങ്കിൽ, അതു് ഊർജ്ജസ്വലനായ പരീശനും ആത്മാർത്ഥതയുള്ള ന്യായ പ്രമാണാനുസാരിയും ആയ തർസ്സൂസ്സിലെ ശൌലിന്നായിരുന്നു. എന്നാൽ ദമസ്കോസ് പാതയിലെ ദർശനത്തിന്റെ പ്രധാന സാരം എന്തായിരുന്നു? തന്റെ ന്യായപ്രമാണാനുസരണ തീക്ഷ്ണതയുടെ ഫലം ദൈവപുത്രനായ യേശുവിനെ പീഡിപ്പിക്കലായിത്തീർന്നു എന്നുള്ള ബോധം. അതുകൊണ്ടാണു തനിക്കിക്കാര്യത്തിൽ ഇത്രയേറെ നിർബന്ധം.

മനുഷ്യൻ സഭയുടെ നന്മക്കും സഭാവിശ്വാസത്തിന്റെ പരിരക്ഷണത്തിനുമുതകുമെന്നുദ്ദേശിച്ചു് ചെയ്യുന്ന പല കാര്യങ്ങളും ദൈവഹിതത്തിനു കടകവിരുദ്ധമായിത്തീരുന്നു. ദൈവത്തിന്റെ സഭയുടെ ഉത്തരവാദിത്വം തങ്ങളുടെ ചുമലുകളിൽ വഹിക്കുന്ന സഭാപ്രധാനികൾ പ്രത്യേകം ഗൗനിക്കേണ്ടുന്ന ഒരു കാര്യമാണിതു്. തർസ്സീസ്കാരൻ ശൌലിനുണ്ടായിരുന്ന ഒരൊററ ഗുണം അവന്റെ രക്ഷയ്ക്കും മഹത്വത്തിനുമായുതകി. അതോ, താൻഇതുവരെ ചെയ്തതു് മുഴുവൻ തെററായിപ്പോയിയെന്നു് സമ്മതിച്ചു്, പശ്ചാ

**Punnathra Tile Works Kottayam.**
ETTUMANOOR A. O.

**പുന്നത്ര ഓട്ടു കമ്പനി**

മേൽത്തരം മേച്ചിലോടുകൾ മൂലയോടുകൾ, തറയോടുകൾ, കണ്ണാടിയോടുകൾ, പുകയോടുകൾ, ചുടുകട്ടകൾ, ഇഷ്ടികകൾ പൂച്ചട്ടികൾ

OUR SURKI POWDER A SPECILITY.

For further partriculars please write to:

P. A. POONNEN, Palampadam, Kottayam, or The Manager, Punnathra Tile Works Ettumanoor A. O.

യുവജനപംക്തി.

# പുതിയനിയമം പഠിക്കേണ്ടതെങ്ങിനെ?

II

എങ്ങനെയാണു പുതിയ നിയമമുണ്ടായതു്? അപ്പോസ്തോലന്മാരുടെ ദിനംപ്രതിയുള്ള ശുശ്രൂഷയോടുകൂടിത്തന്നെയാണു് അതു രൂപംപ്രാപിച്ചതു്. പൗലൂസും മറ്റുള്ളവരും ചില വ്യക്തികൾക്കും സഭകൾക്കും പ്രത്യേകമായ ചില ആവശ്യങ്ങൾ നിറവേറ്റുവാൻ എഴുത്തുകൾ അയയ്ക്കുകയുണ്ടായി. അപ്പോസ്തോലന്മാർ ചിന്നിച്ചിതറിപ്പോകയും അവർ ഓരോരുത്തരായി മരിക്കയും സഭകളുടെ സംഖ്യ വർദ്ധിക്കുകയും ചെയ്തപ്പോൾ യേശുക്രിസ്തുവിന്റെ ജീവിതത്തേയും ഉപദേശങ്ങളേയും കുറിച്ചു അവർ പ്രസംഗിച്ചിരുന്ന കാര്യങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുന്നതിനുള്ള സൗകര്യത്തിനായി എഴുതിയിടുവാൻ തുടങ്ങി. ഇങ്ങനെയുള്ള പല ഗ്രന്ഥങ്ങൾ പ്രചാരത്തിലിരുന്നുവെന്നു തന്റെ സുവിശേഷത്തിന്റെ ആരംഭത്തിൽ ലൂക്കോസ് പറയുന്നുണ്ടു്. എന്നാൽ കാലക്രമേണ മർക്കോസും മത്തായിയും ലൂക്കോസും മറ്റും എഴുതിയ പുസ്തകങ്ങൾക്കു കൂടുതൽ പ്രാധാന്യം സിദ്ധിച്ചു. യേശുക്രിസ്തു തന്റെ സ്വർഗ്ഗാരോഹണശേഷം പരിശുദ്ധാത്മാവിൽ കൂടി സഭയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നുവെന്നു കാണിക്കുവാൻ തന്റെ സുവിശേഷത്തിനു ഒരു രണ്ടാംവാല്യമെഴുതി. അതാണു് അപ്പോസ്തോല പ്രവൃത്തികൾ. എല്ലാവരേക്കാളും ഒടുവിൽ മരണമടഞ്ഞ യോഹന്നാനപ്പോസ്തോലൻ യേശുക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചു മറ്റു സുവിശേഷങ്ങളിൽ എഴുതിയിരിക്കുന്നതു പൂർത്തീകരിക്കുവാൻ അവസാനമായി ഒരു സുവിശേഷമെഴുതി. കൂടാതെ താൻ കണ്ട ചില ദർശനങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. ഈ വക ഗ്രന്ഥങ്ങളെഴുതിയവരാരും തന്നെ വേദഗ്രന്ഥങ്ങളാണു തങ്ങൾ എഴുതുന്നതെന്നുള്ള ബോധത്തോടുകൂടി അല്ലായിരുന്നു അവ എഴുതിയതു്. ദിവസംപ്രതിയുള്ള അവരുടെ ജോലിയുടെ ഭാഗമായി ഓർമ്മയിലിരുന്ന കാര്യങ്ങൾ എഴുതിവച്ചുവെന്നു മാത്രം. മറ്റു ദുരുപദേശങ്ങൾ നുഴഞ്ഞു കയറിയേക്കാമെന്നുള്ളതിനാൽ ഇതു് ആവശ്യവുമായിരുന്നു. ഭയഭക്തിയോടും "മനുഷ്യർക്കെന്നപോലെയല്ല ദൈവത്തിനെന്നപോലെയു"മാണു് അവർ ഇതും ചെയ്തതു. ഈ പുസ്തകങ്ങൾ, പ്രത്യേകിച്ചു ലേഖനങ്ങൾ, ആദിമസഭയുടെ ജീവിതത്തിന്റെ ഒരു യഥാർത്ഥരൂപം നമുക്കു നൽകുന്നു. ഇപ്പോൾ അവശേഷിച്ചിരിക്കുന്ന ഈ പുസ്തകങ്ങൾ പോലെതന്നെ ആ പരിശുദ്ധന്മാർ ചെയ്ത സകലവും ദൈവനിയോഗപ്രകാരവും പൂർണ്ണതയുള്ളതും ആയിരുന്നിരിക്കണം.

ഇതെല്ലാം മനസ്സിൽ വച്ചുകൊണ്ടു ചിന്തിക്കുമ്പോൾ എന്തുകൊണ്ടാണു പുതിയനിയമം ഒരു ചരിത്രമെന്നതുപോലെ വായിക്കേണ്ടതെന്നു മനസ്സിലാകും. മാത്രമല്ല, അതുവേണ്ടവിധം ഗ്രഹിക്കണമെങ്കിൽ അപ്പോസ്തോലിക എഴുത്തുകാരുടെ സ്ഥാനത്തു നമ്മെത്തന്നെ സങ്കല്പിച്ചു് അവരുടെ ചിന്താഗതിക്കനുസരണമായി നാം ചിന്തിക്കേണ്ടതാണു്. ദൈവം നമുക്കു വേദപുസ്തകം നൽകിയതും ഏതാണ്ടീപ്രകാരംതന്നെയാണു്. ആദ്യം താൻ ചില ആളുകളെ വിളിച്ചു. പിന്നീടവരെ പരിശുദ്ധരാക്കി; അവർ തങ്ങളുടെ ഏറ്റവും ഉൽകൃഷ്ടമായ കഴിവുകളെ ദൈവത്തിനുവേണ്ടി കൊടുത്തു. ഉൽകൃഷ്ടമായതു് പരിപൂർണ്ണമായി മാനുഷികചരിത്രരേഖയായിരിക്കുന്നതുപോലെതന്നെ ദൈവത്തിന്റെ മനുഷ്യരോടുള്ള യഥാർത്ഥവചനങ്ങളുമാണു്. ആദ്യം ആളുകളുണ്ടായി; പിന്നീട് പുസ്തകവും പുസ്തകത്തിൽ കൂടി അവ എഴുതിയ മനുഷ്യരിലേക്കു നാം പോകണം. അവരിൽ കൂടി യഥാർത്ഥ മനുഷ്യനായ യേശുക്രിസ്തുവിനെ നാം കാണണം.

അപ്പോസ്തോലന്മാരുടെ തലമുറ കഴിഞ്ഞുപോയപ്പോൾ അവരുടെ എഴുത്തുകൾ എത്രവലിയ ഒരു നിധിയാണെന്നുള്ളതു സഭ മനസ്സിലാക്കി. അവയുടെ യഥാർത്ഥമായ വിലയും അവ ദൈവനിശ്വാസത്താൽ എഴുതപ്പെട്ടവയാണെന്നുള്ള പരമാർത്ഥവും മനസ്സിലാക്കിയതുകൊണ്ടാണു് പഴയനിയമത്തിനുപുറമെ ഒരു പുതിയനിയമമെന്ന നിലയിൽ അവയെ ബഹുമാനിക്കേണ്ടതാണെന്നു തീരുമാനിച്ചതു്.

രണ്ടാം നൂറ്റാണ്ടിൽ സഭയിൽ പ്രചാരത്തിലിരുന്ന വേറെയും പുസ്തകങ്ങളുണ്ടായിരുന്നു. അപ്പോസ്തോലന്മാരുടെ പേരും അവയോടുചേർത്തു പറഞ്ഞിരുന്നു. എന്നാൽ കാലക്രമേണ സഭ അവയെ പരിശോധിച്ചു് ഇപ്പോൾ പുതിയനിയ

---

ത്താപത്തോടെ ദൈവത്തിൽനിന്നും മോചനം തേടി, പുതിയ മാർഗ്ഗത്തിൽ വൈനീത്യത്തോടും ദൈവാശ്രയത്തോടുംകൂടെ മുൻപോട്ടു പോകുവാനുള്ള സന്നദ്ധത നമ്മുടെ തെറ്റു കാണുവാനും നമ്മുടെ ജീവിതത്തിനും മനസ്സിനും അപ്രമാദിത്വമൊന്നുമില്ലെന്നും മനസ്സിലാക്കുവാനുള്ള കൃപ ദൈവം നമുക്കോരോരുത്തർക്കും നൽകട്ടെ. 'ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല, പ്രത്യുത ക്രിസ്തു എന്നിൽ ജീവിയ്ക്കുന്നു.


**THE BANK OF NEW INDIA Ltd.**

**H. O. TRIVANDRUM**

BOARD OF DIRECTORS:

Sri. K. George B. A., Trivandrum (Chairman)
" E. J. Philipose B. A. B. L. Trivandrum.
" N. O. Inasu, Trichur,
" P. C. Kurian M. A. B. L., Madras.
" C. J. John B. A. Kottayam.
" P. T. Varughese, Perumpavoor.
" P. K. Chacko, Alwaye.

K. E. CHERIAN,
General Manager.

**Licence No. 493** **Dated 20-8-1946** **Reg. M. 5268**

# THE CHURCH WEEKLY

മത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നവ ഒഴിച്ചുള്ള എല്ലാററിനേയും തള്ളിക്കളഞ്ഞു. അപ്പോസ്തോലന്മാരുമായി നേരിട്ടുള്ള ബന്ധമാണ് ഇതിനു മാനദണ്ഡമായി സ്വീകരിച്ചതു്. ഇപ്പോൾ ഉള്ളവയിൽ തന്നെ ചിലതു വളരെക്കാലത്തെ പരിശോധനയ്ക്കു വിധേയമായിട്ടുണ്ടു്. വെളിപാടു പുസ്തകത്തിനും മററും ഇപ്പോഴും വേണ്ടത്ര അംഗീകാരം സിദ്ധിച്ചിട്ടില്ല. എങ്കിലും നാലാംനൂററാണ്ടിൻെറ അവസാനത്തോടുകൂടി ഇന്നു നാം കാണുന്ന പ്രകാരം പുതിയനിയമത്തിലെ പുസ്തകങ്ങളുടെ എണ്ണം നിർണ്ണയിക്കപ്പെട്ടു.

### ചോദ്യങ്ങൾ

1) നമ്മുടെ ഇടവകയിൽപെട്ട എല്ലാ വീടുകളിലും വേദപുസ്തകമുണ്ടോ? അതു ക്രമമായി ഉപയോഗിക്കുന്നുണ്ടോ? ഇല്ലാത്തവർക്ക് എന്തുസഹായം ചെയ്യാൻ കഴിയും?

2) മനുഷ്യജീവിതത്തെ മുഴുവനും നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതു വേദപുസ്തകം വഴിയായി നാം കാണുന്ന ക്രിസ്തുവിൻ ജീവനാണെന്നു വിചാരിക്കുന്നുവോ? എത്രമാത്രം സമയം വേദപുസ്തകപഠനത്തിനു നാം ചിലവഴിക്കാറുണ്ടു?

3) ക്രിസ്തുമതം ഒരു ചരിത്രമതമായതുകൊണ്ടു മററുമതങ്ങളിൽനിന്നും അതിനുള്ള മേന്മയെന്തു്? ഹിന്ദുമതപുരാണങ്ങൾ ചരിത്രസംഭവങ്ങളാണോ?

4) വേദപുസ്തകമാണോ അഥവാ അതിൽക്കൂടി നാം കാണുന്ന സഭാംഗങ്ങളുടെ ജീവിതമാണോ കൂടുതൽ വിലമതിക്കപ്പെടേണ്ടതു്?

5) സഭയാണ് വേദപുസ്തകം നമുക്കു തന്നിരിക്കുന്നതെങ്കിൽ അതിനെശരിയായി വ്യാഖ്യാനിക്കേണ്ടതും സഭയല്ലേ?

6) പുതിയനിയമത്തിലെ പുസ്തകങ്ങൾ തിരഞ്ഞെടുത്തപ്പോൾ സ്വീകരിച്ച മാനദണ്ഡമേതു്? അതു സ്വീകരിക്കുവാനുള്ള കാരണമെന്തു്?

7) വേദപുസ്തകം പഠിക്കുന്നതുമൂലം നമുക്കുണ്ടാകേണ്ട പ്രയോജനം എന്താണ്?

8) പുതിയനിയമത്തിൽ ആകെ പുസ്തകങ്ങളെത്ര? ആകെ അദ്ധ്യായങ്ങളെത്ര? ആകെ വാക്യങ്ങളെത്ര?

## പത്രാധിപർക്കുള്ള കത്ത്

സർ,

സെപ്റ്റംബർ 26-ാം നു-യിലെ ചർച്ച് വീക്ക്‌ലിയുടെ മുഖപ്രസംഗം "ഭൂദാനയജ്ഞം" ഞാൻ ശ്രദ്ധാപൂർവം വായിച്ചു. "ദൈവപുത്രനെ അനുകരിക്കുന്നു എന്നഭിമാനിച്ചുകൊണ്ടിരിക്കുന്ന ക്രിസ്ത്യൻ രാജ്യങ്ങളൊന്നും പരീക്ഷിച്ചുനോക്കുവാൻ പോലും........" എന്ന വാചകം ക്രൈസ്തവർ അഗാധമായി ചിന്തിക്കേണ്ടതാണ്. രാഷ്ട്രീയമണ്ഡലത്തിലെ സർവനേട്ടങ്ങളെയും തൃണവൽഗണിച്ചുകൊണ്ടു സേവനത്തിൻെറ ബലിവേദിയിൽ ജീവിതം അർപ്പിച്ചിരിക്കുന്ന ശ്രീ ജയപ്രകാശ് ക്രൈസ്തവരോടുള്ള ഒരു ചോദ്യചിഹ്നമാണ്. അദ്ദേഹം പറയുന്നു:—"ഓരോ വ്യക്തിയും സാമ്പത്തികമായി എത്ര ഉയർന്നവനായാലും താണവനായാലും—അവനവൻെറ സഹജീവികളോടു ഭാഗികമായ ചുമതലകളുണ്ടെന്നുള്ള വസ്തുത എല്ലാവരും അംഗീകരിക്കേണ്ടതാണ്. വ്യക്തിസമൂഹത്തിനു വേണ്ടിയും സമൂഹം വ്യക്തിക്കു വേണ്ടിയും നിലകൊള്ളുന്ന അക്രമരഹിതവും നീതികവിഞ്ഞൊഴുകുന്നതുമായ ഒരു സുന്ദരഭാവിയിലേക്കുള്ള പ്രഥമപടിയാണ് ഭൂദാനയജ്ഞം."

ശ്രീജയപ്രകാശ് കേരളം വിട്ടുകഴിഞ്ഞു എങ്കിലും അദ്ദേഹത്തിൻെറ സന്ദേശം നമ്മുടെ കർണ്ണപുടങ്ങളിൽ അലയടിക്കുകയാണ്. നിന്നെപ്പോലെ തന്നെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക എന്ന ക്രിസ്തുവിൻെറ സന്ദേശം ക്രൈസ്തവേതരകേന്ദ്രങ്ങളിൽ നിന്നു ഉയരുന്നു! മലങ്കരസുറിയാനിസഭയുടെ പുറമേ നിന്നും ശാന്തിയുടെയും സമാധാനത്തിൻെറയും പാവനമായ സന്ദേശം സഭാംഗങ്ങളുടെ ശ്രവണേന്ദ്രിയങ്ങളിൽ തട്ടുകയാണ്. "സത്യത്തിനും അഭിമാനത്തിനും വേണ്ടി" മുറവിളി കൂട്ടുന്ന സമുദായനേതൃത്വത്തിൻെറ "കുത്തകക്കാർക്ക്" ആചാര്യവിനോബാജിയുടെയും ജെ. പി.യുടെയും സന്ദേശങ്ങൾ പ്രചോദനം കൊടുത്തു എങ്കിൽ എത്ര നന്നായിരുന്നു. കേസിനു വേണ്ടി "സമ്പത്ദാനവും ജീവൻദാനവും" നൽകുന്ന സമുദായത്തിലെ മുന്നണിഭടന്മാർ അഗാധമായി ചിന്തിക്കേണ്ട ഒരു സംഗതിയല്ലേ ഇതു്.

റാന്നി, ഒക്ടോബർ 5 — പി. ജെ. തോമസ് പുരയ്ക്കൽ

**India's Largest Composite Insurance Company**

Chairman: A. D. SHROFF, Esq.

Vice-Chairman: J. R. D. Tata, Esq.,

★

**New India Assurance Co. Ltd,.**

**H. O. BOMBAY.**

West Coast Branch: Ernakulam.

Sub Offices: Trivandrum, Alleppey, Calicut, Mangalore, Coimbatore & Madura.

Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam